**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3466** **15-02-2024 - ൽ മറുപടിയ്ക്ക്**

**ക്ഷേമനിധി ബോർഡുകളെ സംയോജിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിവിധ ക്ഷേമനിധി ബോർഡുകളെ സംയോജിപ്പിക്കുന്നത് സംബന്ധിച്ച് പഠിക്കുന്നതിനായി നിയോഗിച്ച ലേബർ കമ്മീഷണർ അധ്യക്ഷനായ സബ് കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (എ) | സംസ്ഥാനത്തെ വിവിധ ക്ഷേമനിധി ബോർഡുകളെ സംയോജിപ്പിക്കുന്നത് സംബന്ധിച്ച് പഠിക്കുന്നതിനായി നിയോഗിച്ച ലേബർ കമ്മീഷണർ അധ്യക്ഷനായ സബ് കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു |

സെക്ഷൻ ഓഫീസർ

# തൊഴിൽവകുപ്പിന്റെ കീഴിൽ വരുന്ന ക്ഷേമനിധി ബോർഡുകളുടെ പുന:സംഘടനയും ശാക്തീകരണവും

## സബ്കമ്മിറ്റി റിപ്പോർട്ട്



Generated from eOffice by Krishnakumar V P, W(3) LCO, W(3) LCO, OFFICE OF LABOUR COMMISSIONER on 09/02/2024 12:27 PM

## ആമുഖം

തൊഴിലാളി ക്ഷേമപ്രവർത്തനങ്ങളിൽ നമ്മുടെ സംസ്ഥാനം എന്നും രാജ്യത്തിന് മാതൃകയാണ്. പരമ്പരാഗത മേഖലയിലേയും അസംഘടിത മേഖലയിലേയും തൊഴിലാളികൾക്ക് സാമൂഹ്യസുരക്ഷയും ക്ഷേമവും ഉറപ്പാക്കുന്നതിനും ഈ വിഭാഗം തൊഴിലാളികളെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനും വേണ്ടിയാണ് നമ്മുടെ സംസ്ഥാനത്ത് ക്ഷേമനിധി ബോർഡുകൾ രൂപീകരിക്കുകയും ക്ഷേമപദ്ധതികൾ ആവിഷ്ക്കരിക്കുകയും ചെയ്തിട്ടുള്ളത്.

വിവിധ കാലഘട്ടങ്ങളിലായി അംഗങ്ങളുടേയും പെൻഷൻകാരുടെയും എണ്ണത്തിലുണ്ടായിട്ടുള്ള വർദ്ധനവ് മൂലവും വർദ്ധിച്ചുവരുന്ന ഭരണചെലവ് മൂലവും ഒട്ടുമിക്ക ക്ഷേമനിധി ബോർഡുകളും സാമ്പത്തിക പ്രതിസന്ധിയിലാകുന്ന സ്ഥിതിവിശേഷം ഉണ്ടായിരിക്കുകയാണ്. വിവിധ ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായ തൊഴിലാളികളുടെ ക്ഷേമവും സുരക്ഷയും ഉറപ്പുവരുത്തിക്കൊണ്ട് ക്ഷേമനിധി ബോർഡുകളുടെ എണ്ണം കുറയ്ക്കേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയായി മാറിയിരിക്കുന്നു.

ക്ഷേമനിധി ബോർഡുകൾ സാമ്പത്തികമായി സ്വയംപര്യാപ്തത കൈവരിക്കുന്നതിനും അവയുടെ പ്രവർത്തനം സുഗമമാക്കി മാറ്റുന്നതിനും ബോർഡുകളുടെ പുന:സംഘടനയും ശാക്തീകരണവും, അംശദായ നിരക്ക് വർദ്ധിപ്പിക്കലും അത്യന്താപേക്ഷിതമായിരിക്കുന്നു. വിവിധ ക്ഷേമനിധി ബോർഡുകളിൽ നിന്നും സൂപ്പറാന്വേഷൻ പെൻഷനാകുന്ന തൊഴിലാളികളുടെ എണ്ണം വർഷംതോറും ക്രമാതീതമായി വർദ്ധിക്കുന്നതിനാൽ ബോർഡുകളുടെ നിലവിലുള്ള ഫണ്ടും സർക്കാർ നൽകുന്ന ധനസഹായവും ഉപയോഗിച്ച് ക്ഷേമാനുകൂല്യങ്ങളും പെൻഷനും കൃത്യമായി വിതരണം ചെയ്യാൻ കഴിയാത്ത സാഹചര്യം സംജാതമായിരിക്കുന്നു. ഈ പ്രതിസന്ധി മറികടക്കാൻ പെൻഷൻ വിതരണത്തിന് ഒരു ബദൽ സംവിധാനമെന്ന നിലയിൽ സ്വാവലംബൻ പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രായോഗികത സംബന്ധിച്ചും ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്ന നേട്ടങ്ങളെപ്പറ്റിയും വിചിന്തനം ചെയ്യപ്പെടേണ്ടതായിട്ടുണ്ട്.

ക്ഷേമനിധി ബോർഡുകളെ പുന:സംഘടിപ്പിക്കുക, ശാക്തീകരിക്കുക, അംശദായം വർദ്ധിപ്പിക്കുക എന്നീ വിഷയങ്ങളെ സംബന്ധിച്ചും സ്വാവലംബൻ പെൻഷൻ നടപ്പിലാക്കുന്നതിന്റെ പ്രായോഗികതയെ കുറിച്ചും ചർച്ച ചെയ്യുന്നതിനായി 02/07/2014-ന് ലേബർ കമ്മീഷണറേറ്റിൽ വച്ച് ബഹു. തൊഴിൽ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കേന്ദ്ര ട്രേഡ് യൂണിയൻ പ്രതിനിധികളുടെ ഒരു യോഗം ചേരുകയുണ്ടായി. ഇത് സംബന്ധിച്ച് തുടർചർച്ചകൾ നടത്തുന്നതിനും സർക്കാരിന് ശുപാർശ സമർപ്പിക്കുന്നതിനും ലേബർ കമ്മീഷണർ അദ്ധ്യക്ഷനായി ട്രേഡ് യൂണിയനുകളുടെ പ്രതിനിധികൾ ഉൾപ്പെടുന്ന ഒരു സബ്കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. (യോഗത്തിന്റെ മിനുട്സ് അനുബന്ധം-1-ൽ കൊടുത്തിരിക്കുന്നു.)

29/07/2014, 14/08/2014, 25/08/2014 എന്നീ തീയതികളിൽ സബ്കമ്മിറ്റി യോഗങ്ങൾ ചേർന്ന് വിശദമായ ചർച്ചകൾ നടത്തി. ബോർഡുകളുടെ ക്ഷേമപ്രവർത്തനങ്ങളെപ്പറ്റിയും സാമ്പത്തിക സ്ഥിതിയെകുറിച്ചും ഭരണചെലവ് സംബന്ധിച്ചുമുള്ള സമഗ്രവിവരങ്ങൾ ലഭ്യമാകുംവിധം ഒരു ചോദ്യാവലി തയ്യാറാക്കി എല്ലാ ബോർഡ് ചീഫ് എക്സിക്യൂട്ടീവ്-മാർക്ക് അയച്ചുകൊടുക്കുകയും ലഭ്യമായ വിവരങ്ങൾ സബ്കമ്മിറ്റിയിൽ വിശദമായി ചർച്ച ചെയ്യുകയും സബ്കമ്മിറ്റി അംഗങ്ങൾ അവരുടെ വിലപ്പെട്ട അഭിപ്രായങ്ങളും നിർദ്ദേശങ്ങളും മുന്നോട്ട് വയ്ക്കുകയുണ്ടായി.



Generated from eOffice by Krishnakumar V P, W(3) LCO, W(3) LCO, OFFICE OF LABOUR COMMISSIONER on 09/02/2024 12:27 PM

# സൂചിക


| ക്രമ നമ്പർ | | വിഷയം | പേജ് നമ്പർ |
|---|---|---|---|
| | | ആമുഖം | 1 |
| | | സബ്കമ്മിറ്റിയിലെ അംഗങ്ങൾ | 3 |
| I | | നിലവിലുള്ള ക്ഷേമനിധി ബോർഡുകൾ | 4 |
| 1 | | കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് | 5 |
| | i | കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി | 7 |
| 2 | | കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് | 9 |
| 3 | | കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് | 11 |
| 4 | | കേരള അസംഘടിത തൊഴിലാളി സാമൂഹ്യസുരക്ഷ ബോർഡ് | 14 |
| 5 | | കേരള ഷോപ്പ്സ് & കോമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് ക്ഷേമനിധി ബോർഡ് | 15 |
| | i | കേരള ക്ഷേത്ര ജീവനക്കാരുടെ ക്ഷേമ പദ്ധതി- | 16 |
| 6 | | കേരള തൊഴിലാളി ക്ഷേമനിധി ബോർഡ് | 18 |
| | i | കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമപദ്ധതി. | 20 |
| | ii | കേരള ബാർബർ/ ബ്യൂട്ടീഷ്യൻ ക്ഷേമപദ്ധതി | 23 |
| | iii | കേരള അലക്ക്തൊഴിലാളി ക്ഷേമപദ്ധതി | 24 |
| | iv | കേരള ഗാർഹിക തൊഴിലാളി ക്ഷേമപദ്ധതി | 26 |
| | v | കേരള പാചക തൊഴിലാളി ക്ഷേമനിധി പദ്ധതി | 27 |
| 7 | | കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് | 28 |
| | i | കേരള ആട്ടോറിക്ഷാ തൊഴിലാളി ക്ഷേമനിധി പദ്ധതി | 30 |
| | ii | കേരള ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതി | 32 |
| 8 | | കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് | 33 |
| 9 | | കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ് | 35 |
| 10 | | കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് | 42 |
| 11 | | കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് | 44 |
| 12 | | കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് | 46 |
| 13 | | കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ് | 48 |
| 14 | | കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് | 50 |
| 15 | | കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് | 52 |
| 16 | | കേരള ബീഡി & സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡ് | 54 |
| II | | സബ്കമ്മിറ്റിയുടെ ശുപാർശകൾ | 57 |
| III | | അനുബന്ധം-1; മിനുട്സ് | |
| IV | | അനുബന്ധം-2; ക്ഷേമനിധി ബോർഡുകളെ സംബന്ധിച്ച സംക്ഷിപ്ത വിവരങ്ങൾ | |
| V | | അനുബന്ധം-3; ക്ഷേമനിധി പദ്ധതികളെ സംബന്ധിച്ച സംക്ഷിപ്ത വിവരങ്ങൾ | |




Generated from eOffice by Krishnakumar V P, W(3) LCO, W(3) LCO, OFFICE OF LABOUR COMMISSIONER on 09/02/2024 12:27 PM

ബോർഡുകളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച സ്ഥിതിവിവര കണക്കുകളുടെയും സബ്കമ്മിറ്റിയിലെ അംഗങ്ങളുടെ അഭിപ്രായങ്ങളെയും അടിസ്ഥാനമാക്കിയാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

ക്ഷേമനിധി ബോർഡുകളുടെ പുനഃസംഘടനയും ശാക്തീകരണവും സംബന്ധിച്ച ട്രേഡ് യൂണിയൻ പ്രതിനിധികൾ അംഗങ്ങളായുള്ള സബ്കമ്മിറ്റി റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചുകൊള്ളുന്നു.

പി.ജി.തോമസ്.ഐ.എ.എസ്.
ലേബർ കമ്മീഷണർ
സബ്കമ്മിറ്റിയ്ക്കുവേണ്ടി

തിരുവനന്തപുരം
തീയതി: 26/09/2014



Generated from eOffice by Krishnakumar V P, W(3) LCO, W(3) LCO, OFFICE OF LABOUR COMMISSIONER on 09/02/2024 12:27 PM

സബ്കമ്മിറ്റിയിലെ **അംഗങ്ങൾ**

1. ശ്രീ. കെ.എം.സുധാകരൻ (സി.ഐ.റ്റി.യു.)
2. ശ്രീ. കെ.പി.സഹദേവൻ (സി.ഐ.റ്റി.യു.)
3. ശ്രീ. വി.എസ്. അജിത്കുമാർ (ഐ.എൻ.റ്റി.യു.സി)
4. ശ്രീ. വി.ജെ.ജോസഫ് (ഐ.എൻ.റ്റി.യു.സി)
5. ശ്രീ. ജെ. ഉദയഭാനു (എ.ഐ.റ്റി.യു.സി.)
6. ശ്രീ. എം. സുജനപ്രിയൻ (എ.ഐ.റ്റി.യു.സി)
7. ശ്രീ. ജി.കെ.അജിത് (ബി.എം.എസ്)
8. ശ്രീ. ബി. ശിവജി സുദർശൻ (ബി.എം.എസ്)
9. ശ്രീ. എസ്.സത്യപാലൻ (യു.റ്റി.യു.സി)
10. ശ്രീ. സലീം.ജി.മോടയിൽ (യു.റ്റി.യു.സി)
11. ശ്രീ. പി.ജി.തോമസ് ഐ.എ.എസ്., ലേബർ കമ്മീഷണർ (ചെയർമാൻ)



Generated from eOffice by Krishnakumar V P, W(3) LCO, W(3) LCO, OFFICE OF LABOUR COMMISSIONER on 09/02/2024 12:27 PM

## I. നിലവിലുള്ള ക്ഷേമനിധി ബോർഡുകൾ

ഇപ്പോൾ സംസ്ഥാനത്ത് തൊഴിൽവകുപ്പിന്റെ കീഴിൽ താഴെപറയുന്ന 16 ക്ഷേമനിധി ബോർഡുകൾ പ്രവർത്തിച്ചുവരുന്നു.

1. കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്
2. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്
3. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്
4. കേരള അസംഘടിത തൊഴിലാളി സാമൂഹ്യസുരക്ഷ ബോർഡ്
5. കേരള ഷോപ്സ് & കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡ്
6. കേരള തൊഴിലാളി ക്ഷേമനിധി ബോർഡ്
7. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്
8. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്
9. കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡ്
10. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്
11. കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്
12. കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്
13. കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്
14. കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്
15. കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്
16. കേരള ബീഡി & സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡ്

നിലവിലുള്ള ക്ഷേമനിധി ബോർഡുകൾ സംബന്ധിച്ച വിശദവിവരങ്ങൾ തുടർന്നുള്ള പേജുകളിൽ വിവരിക്കുന്നു. ബോർഡുകളെ സംബന്ധിച്ച സംക്ഷിപ്ത വിവരങ്ങൾ അനുബന്ധം-2-ലും ബോർഡുകൾ വഴി നടത്തുന്ന ക്ഷേമപദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ അനുബന്ധം-3-ലും കൊടുത്തിരിക്കുന്നു.



Generated from eOffice by Krishnakumar V P, W(3) LCO, W(3) LCO, OFFICE OF LABOUR COMMISSIONER on 09/02/2024 12:27 PM

1. കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്

1998-ൽ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ക്ഷേമനിധി നിയമം നടപ്പിലാക്കുകയും 14/08/1998-ലെ ജി.ഒ.(പി) നം. 53/98/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം ക്ഷേമനിധി ബോർഡ് പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

അംഗത്വം

18 വയസ്സിനും, 60 വയസ്സിനും ഇടയിലുള്ള നിർമ്മാണ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളിക്ക് ഈ ക്ഷേമനിധിയിൽ അംഗത്വം നേടാവുന്നതാണ്. മുൻവർഷം 90 ദിവസത്തിലധികം നിർമ്മാണ മേഖലയിൽ ജോലി ചെയ്തിരിക്കണം. നിലവിൽ ബോർഡിൽ 15,50,495 അംഗങ്ങളും 185302 പെൻഷൻകാരുമുണ്ട്.

അംശദായം

പ്രതിമാസം 20/- രൂപ നിരക്കിൽ തൊഴിലാളി വിഹിതമായി ഒടുക്കേണ്ടതുണ്ട്. കൂടാതെ കെട്ടിട ഉടമകളിൽ നിന്നും വസൂലാക്കുന്ന സെസ് തുകയാണ് പ്രധാന വരുമാന ശ്രോതസ് (നിർമ്മാണ ചെലവിന്റെ 1%) ഉൾപ്പെടുന്നു.

സ്ഥിരനിക്ഷേപവും ഭരണചെലവും

2013-14 വരെയുള്ള സ്ഥിരനിക്ഷേപം 792.65 കോടി രൂപയും ഭരണചെലവ് 8.03 കോടി രൂപയുമാണ്.

സ്ഥാവര ആസ്തി വിവരങ്ങൾ

(എ) എറണാകുളം ഇടപ്പള്ളിയിലെ ജില്ലാ ഓഫീസ് മന്ദിരം സ്ഥിതിചെയ്യുന്ന 18.48 സെന്റ് സ്ഥലവും, പുതുതായി നിർമ്മിച്ച ബഹുനില ഓഫീസ് മന്ദിരവും.
(ബി) കൊല്ലം ചാത്തന്നൂരിൽ കൺസ്ട്രക്ഷൻ അക്കാഡമിക്കായി വാങ്ങിയിട്ടുള്ള 10 ഏക്കർ സ്ഥലം.
(സി) തിരുവനന്തപുരത്ത് ബോർഡിന്റെ ചീഫ് ഓഫീസ് സ്ഥിതിചെയ്യുന്ന 10 സെന്റ് സ്ഥലവും, ബഹുനില ഓഫീസ് മന്ദിരവും.
(ഡി) തിരുവനന്തപുരത്ത് ബോർഡിന്റെ ജില്ലാ ഓഫീസ് നിർമ്മിക്കുന്നതിനായുള്ള 13 സെന്റ് സ്ഥലം.

ആനുകൂല്യങ്ങളും നിരക്കുകളും

1. പെൻഷൻ:- 600/- രൂപ
2. അവശതാ പെൻഷൻ:- 400/- രൂപ
3. കുടുംബ പെൻഷൻ - മെമ്പർ പെൻഷന്റെ പകുതിയോ, 300/രൂപയോ ഏതാണോ കൂടുതൽ
4. സാന്ത്വന പെൻഷൻ - 400/രൂപ
5. ചികിത്സാ ധനസഹായം- ആദ്യ 5 ദിവസത്തേയ്ക്ക് 400/രൂപയും, തുടർന്ന് ഓരോ ദിവസത്തേയ്ക്ക് 70/രൂപയും, പരമാവധി 5,000/- രൂപ
6. അപകട ചികിത്സാ ധനസഹായം- ആദ്യ 5 ദിവസത്തേയ്ക്ക് 500/-രൂപയും, തുടർന്ന് ഓരോ ദിവസത്തേയ്ക്ക് 70/രൂപയും, പരമാവധി 20,000/- രൂപ
7. മാരകരോഗ ചികിത്സാ ധനസഹായം -പരമാവധി 22,000/-രൂപ
8. വിവാഹധനസഹായം- സ്ത്രീ തൊഴിലാളികൾക്കും, അംഗതൊഴിലാളികളുടെ പെൺമക്കൾക്കും 3,000/-രൂപ, പുരുഷ തൊഴിലാളികൾക്കും, അംഗതൊഴിലാളികളുടെ ആൺമക്കൾക്കും 2,500/രൂപ
9. പ്രസവധനസഹായം- 15,000/- രൂപ
10. എസ്.എസ്.എൽ.സി. പഠന സഹായം - 400/-രൂപ


Generated from eOffice by Krishnakumar V P, W(3) LCO, W(3) LCO, OFFICE OF LABOUR COMMISSIONER on 09/02/2024 12:27 PM

11. ഉന്നതവിദ്യാഭ്യാസ സ്കോളർഷിപ്പ് - വിവിധ കോഴ്സുകൾക്കായി 750/-രൂപ മുതൽ 2,500/-രൂപ വരെ
12. എൻട്രൻസ് കോച്ചിംഗ് ധനസഹായം - 5000/രൂപ
13. ജോലിക്കിടയിലുണ്ടാകുന്ന അപകടത്തെ തുടർന്നുള്ള സ്ഥായിയായ അവശതാ ധനസഹായം- 1 ലക്ഷം രൂപ
14. ജോലിക്കിടയിലുണ്ടാകുന്ന അപകടത്തെ തുടർന്നുള്ള, അപകടമരണ ധനസഹായം- 2 ലക്ഷം രൂപ
15. മരണാനന്തര ധനസഹായം- 15,000/-രൂപ
16. മരണാനന്തര ചെലവിനുള്ള ധനസഹായം - 2,000/-രൂപ
17. ഭവന വായ്പ - 50,000/-രൂപ
18. ഉപകരണ വായ്പ- 10,000/-രൂപ

2013-14 ആനുകൂല്യവിതരണം
ആകെ 149.27 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

ഭരണചെലവ്
ബോർഡിന്റെ ഭരണചെലവ് അനുവദനീയമായത് 5% ആണ്. എന്നാൽ, 2013-14-ൽ ഭരണചെലവ് 5.38% ആയി അധികരിച്ചിട്ടുണ്ട്.

സർക്കാർ ഗ്രാന്റ്/ ധനസഹായം
ബോർഡിന് സർക്കാരിൽ നിന്നും ധനസഹായം ലഭിക്കുന്നില്ല.

2014-15 മുതലുള്ള 5 വർഷത്തേയ്ക്ക് പ്രതീക്ഷിക്കുന്ന വരവ് ചെലവ്

| വർഷം | 2014-15 മുതൽ അടുത്ത 5 വർഷത്തേയ്ക്ക് പ്രതീക്ഷിക്കുന്ന തുക | | | | | പെൻഷനാകുന്ന തൊഴിലാളികളുടെ എണ്ണം |
|---|---|---|---|---|---|---|
| | അംശദായം (രൂപ) | സെസ് തുക (രൂപ) | പെൻഷൻ (രൂപ) | ആനുകൂല്യ വിതരണം (രൂപ) | ഭരണ ചെലവ് (രൂപ) | |
| 2014-15 | 26,07,15,320 | 150,00,00,000 | 185,07,49,200 | 18,50,87,542 | 89433565 | 32926 |
| 2015-16 | 26,85,36,780 | 160,00,00,000 | 218,35,15,200 | 18,69,38,417 | 90197401 | 36974 |
| 2016-17 | 27,65,92,883 | 175,00,00,000 | 252,86,20,200 | 18,88,07,802 | 90968875 | 38345 |
| 2017-18 | 28,48,90,670 | 185,00,00,000 | 288,42,73,200 | 19,06,95,880 | 91748063 | 39517 |
| 2018-19 | 29,34,37,390 | 195,00,00,000 | 322,47,07,200 | 19,26,02,838 | 92535044 | 37826 |

ജീവനക്കാരുടെ തസ്തിക, എണ്ണം, നിയമനരീതി

| ചീഫ് ഓഫീസ് | |
|---|---|
| തസ്തിക | |
| സെക്രട്ടറി | എണ്ണം |
| എക്സിക്യൂട്ടീവ് ആഫീസർ (ആസ്ഥാനം) | 1 |
| അക്കൗണ്ട്സ് ആഫീസർ | 1 |
| സീനിയർ സൂപ്രണ്ട് | 1 |
| ജൂനിയർ സൂപ്രണ്ട് | 2 |
| യു.ഡി.ക്ലാർക്ക് | 2 |
| എൽ.ഡി.ക്ലാർക്ക് | 1 |
| സി.എ. | 15 |
| എൽ.ഡി.ടൈപ്പിസ്റ്റ് | 1 |
| ഓഫീസ് അറ്റൻഡന്റ് | 2 |
| ഡ്രൈവർ | 3 |
| | 2 |



Generated from eOffice by Krishnakumar V P, W(3) LCO, W(3) LCO, OFFICE OF LABOUR COMMISSIONER on 09/02/2024 12:27 PM

| | |
|---|---|
| പാർട്ട് ടൈം സ്വീപ്പർ | 1 |
| **14 ജില്ലാ ആഫീസുകൾ** | |
| ജില്ലാ എക്സിക്യൂട്ടീവ് ആഫീസർ | 14 |
| അഡീഷണൽ ജില്ലാ എക്സിക്യൂട്ടീവ് ആഫീസർ | 4 |
| ഹെഡ്ക്ലാർക്ക് | 14 |
| യു.ഡി.ക്ലാർക്ക് | 14 |
| എൽ.ഡി.ക്ലാർക്ക് | 56 |
| എൽ.ഡി.ടൈപ്പിസ്റ്റ് | 14 |
| പ്യൂൺ | 14 |
| പ്യൂൺ കം പ്രോസസ് സർവർ | 14 |
| പാർട്ട് ടൈം സ്വീപ്പർ | 14 |

ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും, അധികജോലിക്കനുസരിച്ച് ദിവസവേതനാടിസ്ഥാനത്തിലുമാണ് ബോർഡിൽ ജീവനക്കാരെ നിയമിച്ചുവരുന്നത്. കൂടാതെ, ബോർഡിന്റെ വിവിധ ഓഫീസുകളിലായി സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 13 പേർ പി.റ്റി.എസ്.മാരായും, പ്യൂൺ തസ്തികയിൽ 3 പേരും, 5 പേർ ക്ലറിക്കൽ തസ്തികയിലും, പ്യൂൺ കം പ്രോസസ് സർവർ തസ്തികയിൽ ഒരാളും സ്ഥിരജീവനക്കാരായി ജോലിചെയ്യുന്നു. ബോർഡിലെ ജീവനക്കാർക്ക് പെൻഷൻ പദ്ധതി നിലവിലില്ല.

i. <u>കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി</u>

കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ കീഴിൽ അന്യസംസ്ഥാന കുടിയേറ്റ തൊഴിലാളികളുടെ ക്ഷേമത്തിനായി കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രവർത്തിച്ചുവരുന്നു. ഇൻഡ്യയിൽ ജനിച്ചുവളർന്നവരും തൊഴിൽ ആവശ്യാർത്ഥം കേരള സംസ്ഥാനത്ത് താമസിച്ച് സ്വന്തം നിലയിലോ കരാറുകാരുടെ കീഴിലോ നിയന്ത്രണത്തിലോ ഉള്ള സ്ഥാപനങ്ങളിലോ തൊഴിൽ ചെയ്യുന്ന മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലെത്തി വിവിധ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ ക്ഷേമം മുൻനിർത്തി സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണിത്.

അംഗത്വം

പദ്ധതി പ്രാബല്യത്തിൽ വന്ന തീയതിയ്ക്ക് മുൻപ് ഒരു മാസമോ അതിൽകൂടുതൽ കാലമോ കുടിയേറ്റ തൊഴിലാളിയായി ജോലി ചെയ്തുവരുന്ന, 18 വയസ് പൂർത്തിയായതും എന്നാൽ 60 വയസ് പൂർത്തിയാകാത്തതുമായ കുടിയേറ്റ തൊഴിലാളികൾക്ക് അംഗമായി ചേരാവുന്നതാണ്.

സ്ഥിരനിക്ഷേപവും ഭരണചെലവും

ക്ഷേമനിധിയുടെ പ്രവർത്തനമാരംഭിക്കുന്നതിലേയ്ക്കായി സർക്കാർ 10 കോടി രൂപ അനുവദിച്ചിരുന്നു.



Generated from eOffice by Krishnakumar V P, W(3) LCO, W(3) LCO, OFFICE OF LABOUR COMMISSIONER on 09/02/2024 12:27 PM

ആനുകൂല്യങ്ങളും നിരക്കുകളും

| | |
|---|---|
| അംഗത്തിന്റെ മക്കൾക്ക് വിദ്യാഭ്യാസഗ്രാന്റ് | 1000/-രൂപ മുതൽ 3000/-രൂപ വരെ |
| ചികിത്സാസഹായം (മാരകരോഗത്തിന്) | 25,000/- രൂപ വരെ |
| ആശ്വാസ ധനസഹായം (അപകടം/ രോഗം-സ്ഥായിയായ അവശത) | 25,000/- രൂപ വരെ |
| ടെർമിനൽ ബെനിഫിറ്റ് | 10,000/- മുതൽ 25,000/- വരെ |
| മരണാനന്തരാനുകൂല്യം (സ്വാഭാവിക മരണം) | 10,000/- |
| അപകടമരണം | 5,000/- |
| ഭൗതിക ശരീരം നാട്ടിലെത്തിക്കാൻ | 5,000/- മുതൽ 15,000/- വരെ |



Generated from eOffice by Krishnakumar V P, W(3) LCO, W(3) LCO, OFFICE OF LABOUR COMMISSIONER on 09/02/2024 12:27 PM

## 2. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്

സംസ്ഥാനത്തെ തയ്യൽ തൊഴിലാളികൾക്കും തയ്യൽ സ്വയം തൊഴിലായി സ്വീകരിച്ചിട്ടുള്ളവർക്കും ആശ്വാസം നൽകുന്നതിനും അവരുടെ ക്ഷേമപ്രവർത്തനങ്ങൾക്കുമായി 06/01/1995-ലെ സർക്കാർ ഉത്തരവ് (പി)നം. 100/95/തൊഴിൽ പ്രകാരം 1996 ഏപ്രിൽ മാസം കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകൃതമായി.

അംഗത്വം

18 വയസ് പൂർത്തിയാകുകയും 60 വയസ് പൂർത്തിയാകാതിരിക്കുകയും 3 വർഷത്തിൽ കുറയാതെ തയ്യൽ തൊഴിൽ ചെയ്തുവരുന്നവർക്കും ടി ക്ഷേമനിധി ബോർഡിൽ അംഗങ്ങളാകാവുന്നതാണ്. ബോർഡിൽ ആകെ 719787 പേർ അംഗങ്ങളും 25311 പെൻഷൻകാരും നിലവിലുണ്ട്.

അംശദായം

അംശദായ ഇനത്തിൽ തൊഴിലാളി വിഹിതം 20/- രൂപയും തൊഴിലുടമ വിഹിതം 5/-രൂപയും സർക്കാർ വിഹിതം മൊത്തം അംശദായ തുകയുടെ 5% വും ആണ്.

സ്ഥിരനിക്ഷേപവും ഭരണചെലവും

ബോർഡിന്റെ 2013-14-ലെ ആകെ സ്ഥിരനിക്ഷേപം 40.83 കോടി രൂപയും ഭരണചെലവ് 3.12 കോടി രൂപയുമാണ്. അനുവദനീയ ഭരണചെലവ് 9% ആണെങ്കിലും 2013-14-ൽ 12% ആയി ആയത് അധികരിച്ചിട്ടുണ്ട്.

സ്ഥാവര ആസ്തി വിവരം.

ചീഫ് ഓഫീസും തിരുവനന്തപുരം ജില്ലാ ഓഫീസും പ്രവർത്തിക്കുന്നത് സ്വന്തം കെട്ടിടങ്ങളിലാണ്.

സർക്കാർ ഗ്രാന്റ്/ ധനസഹായം

സർക്കാർ ഗ്രാന്റ് ലഭിക്കുന്നുണ്ട്. 2013-14 സാമ്പത്തികവർഷത്തിൽ 2.47 കോടി രൂപ സർക്കാർ ഗ്രാന്റിനത്തിൽ കുടിശ്ശികയായി ലഭിക്കുവാനുണ്ട്.

ആനുകൂല്യങ്ങളും നിരക്കുകളും

| | |
|---|---|
| പ്രസവാനുകൂല്യം | 2,000/- |
| വിവാഹാനുകൂല്യം | 2,000/- |
| സ്കോളർഷിപ്പ്/ ക്യാഷ് അവാർഡ് | 600/- രൂപ മുതൽ 5000/- രൂപ വരെ |
| ചികിത്സാധനസഹായം | 5,000/- രൂപ വരെ |
| മരണാനന്തര ധനസഹായം | 10,000/- രൂപ |
| റിട്ടയർമെന്റ് പെൻഷൻ | മിനിമം 500/- രൂപ മുതൽ |
| കുടുംബപെൻഷൻ | മിനിമം 500/- രൂപ |
| അവശതാ പെൻഷൻ | മിനിമം 500/- രൂപ |
| മേൽപ്പറഞ്ഞ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനായി 2013-14-ൽ 16.70 കോടി രൂപ ചെലവായിട്ടുണ്ട്. | |



Generated from eOffice by Krishnakumar V P, W(3) LCO, W(3) LCO, OFFICE OF LABOUR COMMISSIONER on 09/02/2024 12:27 PM

**2014-15 മുതലുള്ള 5 വർഷത്തേയ്ക്ക് പ്രതീക്ഷിക്കുന്ന വരവ് ചെലവ് തുക**

2014-15 മുതൽ അടുത്ത 5 വർഷത്തേയ്ക്ക് 85.09 കോടി രൂപ അംശദായ വരവ് ഇനത്തിലും 227.88 കോടി രൂപ ആനുകൂല്യവിതരണത്തിനായും 26.49 കോടി രൂപ ഭരണചെലവ് ഇനത്തിലും പ്രതീക്ഷിക്കുന്നു.

2014-15 മുതൽ അടുത്ത 5 വർഷക്കാലത്തിനുള്ളിൽ പദ്ധതിയിൽ നിന്നും 2,29,979 പേർ റിട്ടയർ ചെയ്യുമെന്നും പെൻഷൻ വിതരണത്തിനായി 118.84 കോടി രൂപ വേണ്ടിവരുമെന്നും പ്രതീക്ഷിക്കുന്നു.

ജീവനക്കാരുടെ തസ്തിക, എണ്ണം, നിയമനരീതി

| തസ്തിക | എണ്ണം | നിലവിലുള്ള നിയമന രീതി |
|---|---|---|
| ചീഫ് എക്സിക്യൂട്ടീവ് ആഫീസർ | 1 | അന്യത്രസേവനം |
| ജില്ലാ എക്സിക്യൂട്ടീവ് ആഫീസർ | 9 | |
| അക്കൗണ്ട്സ് ആഫീസർ | 1 | |
| സീനിയർ സൂപ്രണ്ട് | 1 | |
| യു.ഡി.ക്ളാർക്ക് | 9 | |
| എൽ.ഡി.ക്ളാർക്ക് | 25 | |
| എൽ.ഡി.ടൈപ്പിസ്റ്റ് | 11 | |
| ഓഫീസ് അറ്റൻഡന്റ് | 14 | അന്യത്രസേവനം-10 സ്ഥിരം-3, സൂപ്പർന്യൂമററി-1 |
| ഡ്രൈവർ | 2 | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് |
| വാച്ചർ | 1 | |
| പാർട്ട് ടൈം സ്വീപ്പർ | 9 | |
| സ്ഥിരം ജീവനക്കാരായി 4 ഓഫീസ് അറ്റൻഡന്റുമാരും 1 പാർട്ട്ടൈംസ്വീപ്പറും ഉണ്ട്. | | |



Generated from eOffice by Krishnakumar V P, W(3) LCO, W(3) LCO, OFFICE OF LABOUR COMMISSIONER on 09/02/2024 12:27 PM

## 3. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്

സംസ്ഥാനത്ത് ആദ്യമായി ആരംഭിച്ച ക്ഷേമപദ്ധതിയാണ് കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമപദ്ധതി. 1969-ലെ കേരള കള്ള് ചെത്ത് തൊഴിലാളി ക്ഷേമനിധി നിയമ പ്രകാരം 1970 ജനുവരി മാസത്തിൽ ഈ ക്ഷേമ പദ്ധതി പ്രവർത്തനമാരംഭിച്ചു.

അംഗത്വം

3 മാസത്തെ തുടർച്ചയായുള്ള സേവനം പൂർത്തിയാക്കിയ ഓരോ തൊഴിലാളിയ്ക്കും നിധിയിൽ അംഗമാകാൻ അവകാശമുണ്ട്. നിലവിൽ ബോർഡിൽ 36186 തൊഴിലാളികളും 30276 പെൻഷൻകാരുമുണ്ട്.

അംശദായം

അംശദായ ഇനത്തിൽ തൊഴിലാളി അംശദായവിഹിതം വേതനത്തിന്റെ 10%-ഉം തൊഴിലുടമ അംശദായവിഹിതം വേതനത്തിന്റെ 15%-ഉം സർക്കാർ അംശദായവിഹിതം തൊഴിലാളി അംശദായവിഹിതത്തിന്റെ 10%-വുമാണ് ബോർഡിന് ലഭിക്കുന്നത്.

സ്ഥിരനിക്ഷേപവും ഭരണചെലവും

ബോർഡിന്റെ 2013-14 വരെയുള്ള ആകെ സ്ഥിരനിക്ഷേപം 1513.64 കോടി രൂപയും ഭരണചെലവ് 13.62 കോടി രൂപയുമാണ്. ബോർഡിന്റെ അനുവദനീയ ഭരണചെലവ് അംശദായത്തിന്റെ 15% ആണെങ്കിലും നിശ്ചിതനിരക്കിൽ നിലനിർത്താൻ ബോർഡിന് കഴിയാറില്ല.

സ്ഥാവര ആസ്തി വിവരം

ബോർഡിന്റെ ചീഫ് ഓഫീസും ആലപ്പുഴ, കോട്ടയം, തൊടുപുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലാ ആഫീസുകളും സ്വന്തം കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്.

സർക്കാർ ഗ്രാന്റ്/ ധനസഹായം

സർക്കാർ ഗ്രാന്റ് ലഭിക്കുന്നുണ്ട്. സർക്കാർ ഗ്രാന്റ് കുടിശ്ശികയിനത്തിൽ ബോർഡിന് ലഭിക്കുവാനുള്ള തുക ചുവടെ ചേർക്കുന്നു.

| വർഷം | കുടിശ്ശികയായ തുക (ലക്ഷത്തിൽ) | വർഷം | കുടിശ്ശികയായ തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1996-97 | 1.06 | 2005-06 | 145.19 |
| 1997-98 | 2.46 | 2006-07 | 156.29 |
| 1998-99 | 18.71 | 2007-08 | 157.65 |
| 1999-00 | 98.35 | 2008-09 | 183.38 |
| 2000-01 | 70.12 | 2009-10 | 213.60 |
| 2001-02 | 94.63 | 2010-11 | 177.78 |
| 2002-03 | 79.35 | 2011-12 | 198.00 |
| 2003-04 | 137.06 | 2012-13 | 233.00 |
| 2004-05 | 124.60 | 2013-14 | 353.00 |

2010-11 വർഷം ഗ്രാന്റിനത്തിൽ കുടിശ്ശികയുള്ള 4 കോടി 80 ലക്ഷം രൂപ സർക്കാർ അനുവദിച്ചതിനുശേഷം 2013-14 വരെ കുടിശ്ശിക ഇനത്തിൽ 19.64 കോടി രൂപ ബാക്കിയുണ്ട്.



Generated from eOffice by Krishnakumar V P, W(3) LCO, W(3) LCO, OFFICE OF LABOUR COMMISSIONER on 09/02/2024 12:27 PM

ആനുകൂല്യങ്ങളും നിരക്കുകളും

| | |
|---|---|
| പെൻഷൻ | മിനിമം 500/- രൂപ പ്രതിമാസം |
| അവശതാധനസഹായം | 300/-രൂപ പ്രതിമാസം |
| സ്കോളർഷിപ്പ് | 600/- രൂപ മുതൽ 4,500/- രൂപ വരെ |
| അപകടചികിത്സാ ധനസഹായം | പരമാവധി 50,000/- രൂപ |
| വൃക്ക, ക്യാൻസർ, ഹൃദ്രോഗ ചികിത്സാധനസഹായം | പരമാവധി 15,000/- രൂപ |
| അപകട ഇൻഷുറൻസ് | പരമാവധി 5,00,000/- രൂപ |
| മരണാനന്തരധനസഹായം (സർവ്വീസിലുള്ളവർക്ക്) | 5,000/- രൂപ |
| മരണാനന്തരധനസഹായം (വിരമിച്ചവർക്ക്) | 3,000/- രൂപ |
| 2013-14-ൽ ആനുകൂല്യവിതരണത്തിനായി 12,08,32,095/- രൂപ ചെലവായിട്ടുണ്ട്. | |

2014-15 മുതലുള്ള 5 വർഷത്തേയ്ക്ക് പ്രതീക്ഷിക്കുന്ന വരവ് ചെലവ് തുക

| വർഷം | 2014-15 മുതൽ അടുത്ത 5 വർഷത്തേയ്ക്ക് പ്രതീക്ഷിക്കുന്ന തുക | | | | |
|---|---|---|---|---|---|
| | അംശദായം (രൂപയിൽ) | സർക്കാർ ഗ്രാന്റ് (രൂപയിൽ) | ഭരണചെലവ് (രൂപയിൽ) | ആനുകൂല്യ വിതരണം (രൂപയിൽ) | പെൻഷൻ വിതരണം (രൂപയിൽ) |
| 2014-15 | 98,89,50,000 | 3,95,58,000 | 21,76,36,000 | 15,01,30,809 | 11,55,00,000 |
| 2015-16 | 95,92,81,500 | 3,83,76,260 | 23,93,99,600 | 16,51,43,889 | 12,70,50,000 |
| 2016-17 | 93,05,03,055 | 3,72,20,122 | 26,33,39,560 | 18,16,58,277 | 13,97,55,000 |
| 2017-18 | 90,25,87,963 | 3,61,03,519 | 28,96,73,516 | 19,98,24,104 | 15,37,30,500 |
| 2018-19 | 87,55,10,324 | 3,50,20,413 | 31,86,40,868 | 21,98,06,514 | 16,91,03,500 |
| ആകെ | 465,68,32,842 | 18,62,78,314 | 132,86,89,544 | 91,65,63,593 | 70,51,39,000 |
| 2014-14 മുതൽ 2018-19 വരെയുള്ള ഓരോ വർഷവും 1000 പേർ വീതം ബോർഡിൽ നിന്നും റിട്ടയർ ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. | | | | | |

ജീവനക്കാരുടെ തസ്തിക, എണ്ണം, നിയമനരീതി

| തസ്തിക | അനുവദിച്ച എണ്ണം | നിലവിലുള്ള എണ്ണം |
|---|---|---|
| ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ | 1 | 1 |
| സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ | 1 | - |
| അക്കൗണ്ട്സ് ഓഫീസർ | 1 | 1 |
| വെൽഫയർ ഫണ്ട് ഇൻസ്പെക്ടർ | 17 | 17 |
| സീനിയർ സൂപ്രണ്ട് (അഡ്മിനി.) | 1 | 1 |
| സീനിയർ സൂപ്രണ്ട് | 10 | 10 |
| ജൂനിയർ സൂപ്രണ്ട് | 20 | 20 |
| ഹെഡ് ക്ലാർക്ക് | 7 | 7 |
| ടൈപ്പിസ്റ്റ് | 21 | 7 |
| ക്ലാർക്ക് | 168 | 69 |
| പ്യൂൺ | 37 | 10 |
| സി.എ. | 1 | 1 |



Generated from eOffice by Krishnakumar V P, W(3) LCO, W(3) LCO, OFFICE OF LABOUR COMMISSIONER on 09/02/2024 12:27 PM

| | | |
|---|---|---|
| റോണിയോ ഓപ്പറേറ്റർ | 1 | - |
| ആർ.സി.എസ്.കെ | 14 | 2 |
| പി.റ്റി.എസ്/ എഫ്.റ്റി.എസ്. | 14 | 13 |
| ഡ്രൈവർ | 2 | 1 |
| കമ്പ്യൂട്ടർ പ്രോഗ്രാമർ | 1 | - |
| ഡേറ്റാ എൻട്രി ഓപ്പറേറ്റർ | 2 | - |
| 2003 നവംബർ മുതൽ ജീവനക്കാരുടെ നിയമനം പി.എസ്.സി. മുഖേനയാണ് | | |



Generated from eOffice by Krishnakumar V P, W(3) LCO, W(3) LCO, OFFICE OF LABOUR COMMISSIONER on 09/02/2024 12:27 PM

## 4. കേരള അസംഘടിത തൊഴിലാളി സാമൂഹ്യസുരക്ഷാ ബോർഡ്

കേരളത്തിലെ അസംഘടിത മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് വേണ്ടി 2011-ൽ രൂപം കൊണ്ടതാണ് കേരള അസംഘടിത തൊഴിലാളി സാമൂഹ്യസുരക്ഷാ ബോർഡ്. കേരള തൊഴിലാളി ക്ഷേമനിധി ബോർഡിന് കീഴിൽ പ്രവർത്തിച്ചുവരുന്ന (1) കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമ പദ്ധതി, (2) കേരള അലക്ക് തൊഴിലാളി ക്ഷേമ പദ്ധതി, (3) കേരള ബാർബർ & ബ്യൂട്ടീഷ്യൻസ് ക്ഷേമ പദ്ധതി, (4) കേരള പാചക തൊഴിലാളി ക്ഷേമപദ്ധതി, (5) കേരള ഗാർഹിക തൊഴിലാളി ക്ഷേമ പദ്ധതി എന്നിവയും കേരള ഷോപ്പ്സ് & കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് വെൽഫെയർ ബോർഡിൽ പ്രവർത്തിച്ചുവരുന്ന (6) കേരള ക്ഷേത്ര ജീവനക്കാരുടെ ക്ഷേമനിധി പദ്ധതി-യും ഉൾപ്പെടുത്തി കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയുടെ കരട് തയ്യാറാക്കി സർക്കാർ അംഗീകാരത്തിന് സമർപ്പിച്ചിരിക്കുകയാണ്. അസംഘടിത മേഖലയിൽ പണിയെടുക്കുന്ന മറ്റ് വിഭാഗം തൊഴിലാളികളെയും ഈ ബോർഡിന്റെ കീഴിൽ കൊണ്ടുവരാൻ കഴിയുന്നതാണ്. 2013-14 സാമ്പത്തിക വർഷത്തിൽ ബോർഡിന് ലഭിച്ച 3.5 കോടി രൂപ ബോർഡ് പ്രവർത്തന മാരംഭിക്കുന്നതിന് സർക്കാർ ധനസഹായമായി ലഭിച്ചിട്ടുണ്ട്. 2008-ലെ അൺ-ഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി നിയമത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ സ്കീം സർക്കാരിന്റെ പരിഗണനയിലായതിനാൽ ഈ പദ്ധതിയിൽ പുതിയതായി അംഗത്വം നൽകുകയോ ആനുകൂല്യം വിതരണം ആരംഭിക്കുകയോ ചെയ്തിട്ടില്ല.



Generated from eOffice by Krishnakumar V P, W(3) LCO, W(3) LCO, OFFICE OF LABOUR COMMISSIONER on 09/02/2024 12:27 PM

## 5. കേരള ഷോപ്സ് & കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്

2006-ൽ കേരള ഷോപ്സ് & കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി നിയമം നിലവിൽ വരികയും 2007 മാർച്ച് 15-ന് ക്ഷേമനിധി ബോർഡ് പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

### അംഗത്വം

1960-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്ടിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന 18 വയസ്സ് പൂർത്തിയായിരിക്കുകയും എന്നാൽ 55 വയസ്സ് പൂർത്തിയാകാതിരിക്കുകയും ചെയ്യുന്ന ഏതൊരു തൊഴിലാളിയും, സ്വയംതൊഴിൽ ചെയ്യുന്നവരുമാണ് പദ്ധതിയുടെ പരിധിയിൽ വരുന്നത്. 31.08.2014 വരെ 7,11,926 പേർ അംഗങ്ങളായി ചേർന്നിട്ടുണ്ട്.

### അംശദായം

തൊഴിലാളി വിഹിതമായി 20/- രൂപയും തൊഴിലുടമ വിഹിതമായി 20/- രൂപയും ചേർത്ത് മൊത്തം 40/- രൂപ സ്ഥാപനത്തിന്റെ പേരിൽ ഉടമ അടക്കണം. സ്വയം തൊഴിൽ ചെയ്യുന്നവർ 40/- രൂപയും സ്വന്തം പേരിൽ ബോർഡിൽ അടക്കണം. തൊഴിലാളി വിഹിതത്തിന്റെ 25%-മോ 5/-രൂപയോ ഏതാണോ കൂടുതൽ ആ തുക സർക്കാർ ഗ്രാന്റായി നൽകും.

### സ്ഥിരനിക്ഷേപവും ഭരണചെലവും

2013-14 വരെയുള്ള ബോർഡിന്റെ ആകെ സ്ഥിര നിക്ഷേപം 59.55 കോടി രൂപയും ഭരണചെലവ് 2.03 കോടി രൂപയുമാണ്. ബോർഡിന്റെ അനുവദനീയമായ ഭരണചെലവ് 7% ആണ്. 2013-14 അനുവദനീയ നിരക്കിൽ നിന്നും 2% അധികരിച്ചിട്ടുണ്ട്.

### സ്ഥാവരആസ്തി വിവരം

സ്വന്തമായി കെട്ടിടമോ സ്ഥലമോ ഇല്ല. വാടകകെട്ടിടങ്ങളിൽ പ്രവർത്തിച്ചുവരുന്നു.

### സർക്കാർ ഗ്രാന്റ്/ ധനസഹായം

ക്ഷേമനിധി ബോർഡിന് സർക്കാർ ധനസഹായം ലഭിക്കുന്നുണ്ട്. ഈയിനത്തിലെ കുടിശ്ശിക ചുവടെ ചേർക്കുന്നു.

| വർഷം | കുടിശ്ശികയിനത്തിൽ ലഭിക്കുവാനുള്ള തുക (രൂപയിൽ) | വർഷം | കുടിശ്ശികയിനത്തിൽ ലഭിക്കുവാനുള്ള തുക (രൂപയിൽ) |
|---|---|---|---|
| 2008-09 | 10,45,460 | 2011-12 | 1,25,56,006 |
| 2009-10 | 65,46,988 | 2012-13 | 1,21,73,603 |
| 2010-11 | 97,29,588 | 2013-14 | 19,23,498 |

### ആനുകൂല്യങ്ങളും നിരക്കുകളും

| | |
|---|---|
| വിവാഹാനുകൂല്യം | :- 5000/-രൂപ. |
| പ്രസവാനുകൂല്യം | :- പരമാവധി 15000/-രൂപ |
| ചികിത്സാ സഹായം | :- പരമാവധി 10,000/- രൂപ |
| വിദ്യാഭ്യാസാനുകൂല്യം | :- 500/രൂപ മുതൽ 2500/ രൂപ വരെ |
| മരണാനന്തര ചെലവ് | :- 1,000/- രൂപ. |
| മരണാനന്തര സഹായം | :- 5000/- രൂപ മുതൽ 20,000/- രൂപ വരെ |
| 2013-14-ൽ ആനുകൂല്യവിതരണത്തിനായി 2.27 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. | |



Generated from eOffice by Krishnakumar V P, W(3) LCO, W(3) LCO, OFFICE OF LABOUR COMMISSIONER on 09/02/2024 12:27 PM

**2014-15 മുതൽ 2018-19 വരെയുള്ള 5 വർഷത്തേയ്ക്ക് പ്രതീക്ഷിക്കുന്ന വരവ് ചെലവ്**

2014-15 മുതൽ അടുത്ത 5 വർഷത്തേയ്ക്ക് ആകെ അംശദായ വരവ് 67.50 കോടി രൂപയും സർക്കാർ ഗ്രാന്റ് 8.45 കോടി രൂപയും വരവ് പ്രതീക്ഷിക്കുന്നു. ഭരണചെലവിനത്തിൽ 20.89 കോടി രൂപയും ആനുകൂല്യ വിതരണത്തിന് 8.50 കോടി രൂപയും പെൻഷൻ വിതരണത്തിന് 93 ലക്ഷം രൂപയും വേണ്ടിവരുമെന്ന് പ്രതീക്ഷിക്കുന്നു.

2014-15 മുതൽ അടുത്ത 5 വർഷം പദ്ധതിയിൽ നിന്നും 2193 പേർ റിട്ടയർ ചെയ്യുമെന്ന് കണക്കാക്കുന്നു.

**ജീവനക്കാരുടെ തസ്തിക, എണ്ണം, നിയമനരീതി**

| | |
|---|---|
| ചീഫ് എക്സിക്യൂട്ടീവ് ആഫീസർ | 1 |
| ഫിനാൻസ് ആഫീസർ | 1 |
| എക്സിക്യൂട്ടീവ് ആഫീസർ (ആസ്ഥാനം) | 1 |
| എക്സിക്യൂട്ടീവ് ആഫീസർ | 14 |
| ജൂനിയർ സൂപ്രണ്ട് | 1 |
| ക്ലാർക്ക് കം. കമ്പ്യൂട്ടർ ഓപ്പറേറ്റർ | 31 |
| എൽ.ഡി.ക്ലാർക്ക് | 1 |
| എൽ.ഡി.ടൈപ്പിസ്റ്റ് | 1 |
| ഡ്രൈവർ | 1 |
| പ്യൂൺ | 14 |
| പി.റ്റി.എസ് | 1 |

നിലവിൽ ഈ ബോർഡിൽ 13 ക്ലാർക്ക് കം കമ്പ്യൂട്ടർ ഓപ്പറേറ്റർ തസ്തികയിലും, ഓരോരുത്തർ പി.റ്റി.എസ്., ഡ്രൈവർ തസ്തികയിലും കോടതി പരാമർശത്തിന്റെ അടിസ്ഥാനത്തിൽ തുടരുന്നവരും, ബാക്കി തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിലും, ചീഫ് എക്സിക്യൂട്ടീവ് ആഫീസർ പുനർനിയമന വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരുമാണ്. ഈ ബോർഡിൽ സ്പെഷ്യൽ റൂൾ നടപ്പിലാക്കിയിട്ടില്ലാത്തതിനാൽ നിയമന രീതി കൈക്കൊണ്ടിട്ടില്ല. സ്ഥിരം ജീവനക്കാരില്ല.

## i. കേരള ക്ഷേത്ര ജീവനക്കാരുടെ ക്ഷേമ പദ്ധതി

കേരള ഷോപ്പ്സ് & കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കീഴിൽ ക്ഷേത്രജീവനക്കാർക്കായി ഒരു ക്ഷേമപദ്ധതി സർക്കാർ ഉത്തരവ് നമ്പർ (എം.എസ്) 45/11/തൊഴിൽ തീയതി 01/03/2011-ലെ വിജ്ഞാപന പ്രകാരം പ്രവർത്തിച്ചുവരുന്നു.

**അംഗത്വം**

18 വയസ്സിനും 55 വയസ്സിനും ഇടയിൽ പ്രായമുള്ള പൂജാരി ഉൾപ്പേടെയുള്ള ക്ഷേത്ര ജീവനക്കാർക്കും അനുബന്ധ ജീവനക്കാർക്കും പദ്ധതിയിൽ അംഗമായി രജിസ്റ്റർ ചെയ്യാൻ അർഹതയുണ്ട്. 20/09/2014 വരെ ആകെ 2928 പേർ അംഗങ്ങളായിട്ടുണ്ട്.



Generated from eOffice by Krishnakumar V P, W(3) LCO, W(3) LCO, OFFICE OF LABOUR COMMISSIONER on 09/02/2024 12:27 PM

**അംശദായം**

ഈ പദ്ധതിയിലേയ്ക്ക് അംശദായ ഇനത്തിൽ തൊഴിലാളി 20/- രൂപയും ഉടമ 20/- രൂപയും (തൊഴിലാളി തന്നെ അടയ്ക്കണം) സർക്കാർ വിഹിതം ധനകാര്യവകുപ്പ് തീരുമാനിക്കുന്ന തുകയായിരിക്കും.

**സ്ഥിരനിക്ഷേപവും ഭരണചെലവും**

2013-14 വരെയുള്ള പദ്ധതിയുടെ ആകെ സ്ഥിരനിക്ഷേപം 3,26,483/- രൂപയാണ്. വസ്തുവകകൾ, കെട്ടിടങ്ങൾ തുടങ്ങിയ സ്ഥാവര ആസ്തികൾ പദ്ധതിയ്ക്കില്ല. ഒരു വർഷത്തെ മൊത്തം പിരിഞ്ഞ അംശദായത്തിന്റെയോ പിരിയുമെന്ന് പ്രതീക്ഷിക്കുന്ന അംശദായത്തിന്റെയോ 10%-ൽ കഴിയാത്ത തുക ഭരണചെലവിനത്തിൽ ചെലവഴിക്കാം.

**സർക്കാർ ഗ്രാന്റ്/ ധനസഹായം**

പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ടങ്കിലും ധനകാര്യ വകുപ്പ് വിഹിതം തീരുമാനിച്ചിട്ടില്ല.

**ആനുകൂല്യങ്ങളും നിരക്കുകളും**

| | |
|---|---|
| വിവാഹാനുകൂല്യം | :- 5000/-രൂപ. |
| പ്രസവാനുകൂല്യം | :- 3000/-രൂപ |
| ചികിത്സാ സഹായം | :- നിശ്ചയിച്ചിട്ടില്ല. |
| വിദ്യാഭ്യാസാനുകൂല്യം | :- നിശ്ചയിച്ചിട്ടില്ല. |
| മരണാനന്തര ചെലവ് | :- 1,000/- രൂപ. |
| മരണാനന്തര സഹായം | :- 5000/- രൂപ മുതൽ 30,000/- രൂപ വരെ . |
| പെൻഷൻ | :- നിശ്ചയിച്ചിട്ടില്ല. |

ആനുകൂല്യം വിതരണം ചെയ്ത് തുടങ്ങിയിട്ടില്ല.

**2014-15 മുതൽ അടുത്ത 5 വർഷത്തേയ്ക്ക് പ്രതീക്ഷിക്കുന്ന വരവ് ചെലവ് തുക**

2014-15 മുതൽ അടുത്ത 5 വർഷത്തേയ്ക്ക് പ്രതീക്ഷിക്കുന്ന ആകെ അംശദായ വരവ് തുക 70 ലക്ഷം രൂപയാണ്. ഭരണചെലവ് 7 ലക്ഷം രൂപയും പെൻഷൻ വിതരണത്തിന് 14,88,000/- രൂപയും വേണ്ടിവരുമെന്ന് കണക്കാക്കുന്നു.

2014-15 മുതൽ അടുത്ത 5 വർഷം പദ്ധതിയിൽ നിന്നും റിട്ടയർ ചെയ്യുന്നവരുടെ എണ്ണം 152 ആയും കണക്കാക്കപ്പെടുന്നു.



Generated from eOffice by Krishnakumar V P, W(3) LCO, W(3) LCO, OFFICE OF LABOUR COMMISSIONER on 09/02/2024 12:27 PM

## 6. കേരള തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരളത്തിലെ വിവിധ മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങൾ നടത്തുക എന്ന ലക്ഷ്യത്തോടെ 1975-ൽ കേരള തൊഴിലാളി ക്ഷേമനിധി നിയമം പ്രാബല്യത്തിൽവരികയും 1977 മേയ് മാസം 1-മുതൽ കേരള തൊഴിലാളി ക്ഷേമനിധി ബോർഡ് പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

**അംഗത്വം**

(എ) 1948-ലെ ഫാക്ടറീസ് നിയമം സെക്ഷൻ 2(എം)-ൽ പറയുന്ന തൊഴിലാളികളും സെക്ഷൻ 85-ൽ സബ്സെക്ഷൻ 2-ൽ പറയുന്ന തൊഴിലാളികളും
(ബി) മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് നിയമത്തിൽ സെക്ഷൻ 2 ക്ലാസ്സ് (ജി)യിൽ വരുന്ന തൊഴിലാളികളും
(സി) 1951-ലെ പ്ലാന്റേഷൻ നിയമം സെക്ഷൻ 2 ക്ലാസ് (എഫ്)-ൽ വരുന്ന തൊഴിലാളികളും
(ഡി) 1960-ലെ സൊസൈറ്റീസ് രജിസ്ട്രേഷൻ നിയമത്തിൽ ഇരുപതോ അതിൽ കൂടുതലോ തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥാപനത്തിലെ തൊഴിലാളികളും; ഈ ബോർഡിൽ അംഗത്വം നേടുന്നതിന് അർഹരാണ്.

15382 സ്ഥാപനങ്ങൾ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി സ്ഥാപനങ്ങളിലെ 3,56,027 തൊഴിലാളികൾക്ക് ക്ഷേമനിധി ആനുകൂല്യങ്ങളുടെ പരിരക്ഷ ലഭിക്കുന്നു.

**അംശാദായ നിരക്ക്**

തൊഴിലാളി/തൊഴിലുടമ വിഹിതം 4/8 (ഒരു അർദ്ധ വർഷം). സർക്കാർ വിഹിതം ഇല്ല.

**സ്ഥിരനിക്ഷേപവും ഭരണചെലവും**

2013-14 സാമ്പത്തിക വർഷത്തിലെ ബോർഡിന്റെ ആകെ സ്ഥിരനിക്ഷേപം 5.09 കോടി രൂപയാണ്. ബോർഡിന്റെ അനുവദനീയ ഭരണചെലവ് വരുമാനത്തിന്റെ 10% ആണെങ്കിലും വാർഷിക വരുമാനത്തോളം തന്നെ ഭരണചെലവും വരുന്നുണ്ട്.

**ആസ്തി വിവരം**

തിരുവനന്തപുരത്ത് മുഖ്യകാര്യാലയത്തിലെ 3 നിലകെട്ടിടവും 14 സെന്റ് വസ്തുവും ഉണ്ട്. ലേബർ വെൽഫെയർ ഫണ്ട് ബോർഡിന്റെ കീഴിൽ എറണാകുളത്ത് ഹോളീഡേ ഹോം എന്ന പേരിൽ താത്കാലിക കെട്ടിടവും 20 സെന്റ് സ്ഥലവും ഉണ്ട്. മലപ്പുറം ജില്ലയിൽ പുല്ലംകോട് എന്ന സ്ഥലത്ത് 46 സെന്റ് വസ്തുവും ഉണ്ട്. കൂടാതെ കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡിന്റെ കീഴിൽ ഹോളിഡേ ഹോം എന്ന സ്ഥാപനവും കുമളിയിൽ പ്രവർത്തിക്കുന്നു.

**സർക്കാർ ഗ്രാന്റ്/ ധനസഹായം**

ബോർഡിന് സർക്കാർ ധനസഹായം നിലവിൽ ലഭിക്കുന്നില്ല.

**ആനുകൂല്യങ്ങളും നിരക്കുകളും**

1. <u>ഹൈസ്കൂൾ വിദ്യാഭ്യാസ ഗ്രാന്റ്</u>:- (8, 9, 10 ക്ലാസ്സ്) 300/-രൂപ വീതം 4500 വിദ്യാർത്ഥികൾക്ക്

2. <u>എസ്.എസ്.എൽ.സി ക്യാഷ് അവാർഡ്</u>:- ഒരു ജില്ലയിൽ 6 ക്യാഷ് അവാർഡ് വീതം 500 X 4, 300 X 2.



Generated from eOffice by Krishnakumar V P, W(3) LCO, W(3) LCO, OFFICE OF LABOUR COMMISSIONER on 09/02/2024 12:27 PM

3. ഐ.റ്റി.ഐ പരിശീലനം:- പ്രതിമാസം 150/-രൂപ 12 ഗവൺമെന്റ് ഐ.റ്റി.ഐയിലെ 13 ട്രേഡിൽ അഡ്മിഷൻ നേടുന്നവർക്ക്.

4. ഉന്നത വിദ്യാഭ്യാസ ഗ്രാന്റ് പദ്ധതി:- +1 മുതൽ ബിരുദാനന്തര ബിരുദം വരെ 400/-രൂപ മുതൽ 1800/-രൂപ വരെ (2250 പേർക്ക്)

5. കമ്പ്യൂട്ടർ കോഴ്സ് പരിശീലനം:- 50% ഫീസിളവ് ഡി.സി.എ, പി.ജി.ഡി.സി.എ, ഡേറ്റാ എൻട്രി കോഴ്സുകളിലെ 50 സീറ്റിൽ 10 എണ്ണം പട്ടിക ജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക്.

6. മരണാനന്തര സഹായ പദ്ധതി:- ജോലിയിലിരിയ്ക്കെ മരണമടയുന്ന തൊഴിലാളികളുടെ ആശ്രിതർക്ക് 2500/-രൂപ വീതം

7. ചികിത്സ സഹായ പദ്ധതി:- പരമാവധി 10,000/- രൂപ വരെ

8. ജോലിയിലിരിക്കെ അംഗവൈകല്യം സംഭവിച്ചവർക്കുള്ള സഹായം:- പരമാവധി 5000/-രൂപ വരെ

9. അന്ധർ, ബധിരർ, മൂകർ, ബുദ്ധിമാന്ദ്യം സംഭവിച്ചവർ എന്നീവിഭാഗങ്ങളിൽ മക്കളുള്ള തൊഴിലാളികൾക്ക് പ്രതിമാസം 100/-രൂപ വീതം

10. വരിക്കാരായ തൊഴിലാളികൾക്കും ആശ്രിതർക്കും ടൂർ സബ്സിഡി കിലോമീറ്ററിന് 15 പൈസ.

11. വിവാഹധനസഹായം:- വരിക്കാരായ സ്ത്രീ തൊഴിലാളികൾക്കും അവരുടെ പെൺമക്കൾക്കും 1000/-രൂപ വീതം.

12. ഗ്രന്ഥശാലകൾക്ക് സാമ്പത്തിക സഹായം: 5000/-രൂപ തൊഴിലാളികളുടെ ഉപയോഗത്തിനായി ഒരു ജില്ലയിലെ 2 ഗ്രന്ഥശാലകൾക്ക്.

2013-14-ൽ ആനുകൂല്യവിതരണത്തിന് 32.65 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്.

**2014-15 മുതൽ അടുത്ത 5 വർഷത്തേക്ക് പ്രതീക്ഷിക്കുന്ന വരവ് ചെലവ് തുകകൾ**

| വർഷം | 2014-15 മുതൽ അടുത്ത 5 വർഷത്തേയ്ക്ക് പ്രതീക്ഷിക്കുന്ന തുക | | |
|---|---|---|---|
| | അംശദായം (രൂപയിൽ) | ഭരണചെലവ് (രൂപയിൽ) | ആനുകൂല്യ വിതരണത്തിന് (രൂപയിൽ) |
| 2014-15 | 1,02,11,400 | 1,67,91,495 | 33,86,000 |
| 2015-16 | 1,02,23,400 | 1,47,91,495 | 33,93,500 |
| 2016-17 | 1,02,35,400 | 1,54,91,495 | 34,03,500 |
| 2017-18 | 1,02,53,400 | 1,62,41,495 | 34,20,400 |
| 2018-19 | 1,02,59,400 | 1,69,41,495 | 34,28,500 |

തൊഴിലുടമ മുഖാന്തിരമാണ് ബോർഡിലേയ്ക്ക് അംശദായം സ്വീകരിക്കുന്നത് ആയതിനാൽ തൊഴിലാളി വിരമിക്കൽ പ്രായം കണക്കാക്കുന്നത് തൊഴിലുടമ നിശ്ചയിക്കുന്ന വയസ്സിന്റെ അടിസ്ഥാനത്തിലാണ്.



Generated from eOffice by Krishnakumar V P, W(3) LCO, W(3) LCO, OFFICE OF LABOUR COMMISSIONER on 09/02/2024 12:27 PM

**ജീവനക്കാരുടെ തസ്തിക, എണ്ണം, നിയമനരീതി**

| | | |
|---|---|---|
| ലേബർ വെൽഫെയർ ഫണ്ട് കമ്മീഷണർ | 1 | ഡെപ്യൂട്ടേഷൻ |
| ഫിനാൻസ് ആഫീസർ | 1 | |
| ലേബർ വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ | 10 | പി.എസ്.സി. നിയമനം |
| സീനിയർ സൂപ്രണ്ട് | 1 | |
| ജൂനിയർ സൂപ്രണ്ട് | 2 | |
| സി.എ. | 1 | |
| യു.ഡി.ക്ലാർക്ക് | 9 | |
| എൽ.ഡി.ക്ലാർക്ക് | 9 | |
| എൽ.ഡി.ടൈപ്പിസ്റ്റ് | 2 | |
| അറ്റൻഡർ | 1 | |
| ഡ്രൈവർ | 2 | |
| പ്യൂൺ | 6 | |
| പി.റ്റി.എസ് | 2 | |
| സ്വീപ്പർ | 1 | |

**സ്ഥിരംജീവനക്കാരുടെ വിവരങ്ങൾ**

| | | |
|---|---|---|
| ലേബർ വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ | 8 | നിലവിലുള്ള സ്ഥിരം ജീവനക്കാർ |
| സീനിയർ സൂപ്രണ്ട് | 1 | |
| ജൂനിയർ സൂപ്രണ്ട് | 2 | |
| യു.ഡി.ക്ലാർക്ക് | 3 | |
| എൽ.ഡി.ക്ലാർക്ക് | 2 | |
| അറ്റൻഡർ | 1 | |
| ഡ്രൈവർ | 2 | |
| പ്യൂൺ | 3 | |
| പി.റ്റി.എസ് | 2 | |
| 2006 മുതൽ ബോർഡിൽ പി.എസ്.സി. മുഖേനയാണ് ജീവനക്കാരെ നിയമിക്കുന്നത്. ബോർഡിൽ വിരമിച്ച ജീവനക്കാർക്ക് പെൻഷൻ പദ്ധതി നിലവിലില്ല.. | | |

കേരള തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ നിയന്ത്രണത്തിൽ (1) കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമ പദ്ധതി-1986 (2) കേരള ബാർബർ/ ബ്യൂട്ടീഷ്യൻസ് തൊഴിലാളി ക്ഷേമപദ്ധതി-2004 (3) കേരള അലക്ക് തൊഴിലാളി ക്ഷേമപദ്ധതി-2004 (4) കേരള ഗാർഹിക തൊഴിലാളി ക്ഷേമപദ്ധതി-2011 (5) കേരള പാചക തൊഴിലാളി ക്ഷേമപദ്ധതി-2011 എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

## i. കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമനിധി പദ്ധതി

1986-ൽ കേരള കൈത്തൊഴിലാളി വിദഗ്ധതൊഴിലാളി ക്ഷേമപദ്ധതി രൂപീകരിക്കുകയും 23/10/1986 മുതൽ പ്രവർത്തനമാരംഭിക്കുകയും ചെയ്തു.

**അംഗത്വം**

18-നും 55-നും മദ്ധ്യേപ്രായമുള്ള കൈതൊഴിലുകാർക്കും, മറ്റു വിദഗ്ധ തൊഴിലാളികൾക്കും ഈ പദ്ധതിയിൽ അംഗമാകാൻ അർഹതയുണ്ട്. പദ്ധതിയിൽ നിലവിൽ 316151 അംഗങ്ങളും 8002 പെൻഷൻകാരുമുണ്ട്.

**അംശദായം**

അംഗങ്ങളിൽ നിന്നും അംശദായമായി പ്രതിമാസം 10/-രൂപയും സർക്കാർ വിഹിതമായി വരിസംഖ്യയുടെ 20% വും ലഭിക്കുന്നു.

**സ്ഥിരനിക്ഷേപവും ഭരണചെലവും**

പദ്ധതിയിൽ 2013-14 സാമ്പത്തിക വർഷം ആകെ സ്ഥിരനിക്ഷേപം 48,03,48,825/- രൂപയാണ്. ഭരണചെലവിന് അനുവദനീയ ശതമാനം നിശ്ചയിച്ചിട്ടില്ല.

**സർക്കാർ ഗ്രാന്റ്/ ധനസഹായം**

ക്ഷേമപദ്ധതിയ്ക്ക് സർക്കാർ ധനസഹായം ലഭിച്ചുവരുന്നു. 1986-87 മുതൽ 2013-14 വരെയുള്ള കാലയളവിൽ അംഗങ്ങളിൽ നിന്നും ലഭിച്ച അംശദായത്തിന്റെയും സർക്കാരിൽ നിന്നും ലഭിച്ച ധനസഹായത്തിന്റെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | അംഗങ്ങളിൽ നിന്നും ലഭിച്ച അംശദായം | സർക്കാർ വിഹിതം | സർക്കാർ ഗ്രാന്റ്/ ധനസഹായം | സർക്കാർ വിഹിത കുടിശ്ശിക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1986-87 | 490730 | 98146 | ഇല്ല | 98146 | ആഡിറ്റ് ചെയ്തത് |
| 1987-88 | 8247698 | 1649540 | ,, | 1747686 | ,, |
| 1988-89 | 13261377 | 2652275 | ,, | 4399961 | ,, |
| 1989-90 | 11819009 | 2363802 | ,, | 6763763 | ,, |
| 1990-91 | 17967344 | 3593469 | ,, | 10357232 | ,, |
| 1991-92 | 14748248 | 2949650 | ,, | 13306882 | ,, |
| 1992-93 | 16519255 | 3303851 | ,, | 16610733 | ,, |
| 1993-94 | 17007270 | 3401454 | ,, | 20012187 | ,, |
| 1994-95 | 20395296 | 4079059 | ,, | 24091246 | ,, |
| 1995-96 | 16580148 | 3316030 | ,, | 27407276 | ,, |
| 1996-97 | 20495134 | 4099027 | ,, | 31506303 | ,, |
| 1997-98 | 14146333 | 2829267 | ,, | 34335570 | ,, |
| 1998-99 | 7059442 | 1411888 | ,, | 35747458 | ,, |
| 1999-00 | 7466147 | 1493229 | ,, | 37240687 | ,, |
| 2000-01 | 6296581 | 1259316 | 34920000 | 3580003 | ,, |
| 2001-02 | 9112339 | 1822468 | ഇല്ല | 5402471 | ,, |
| 2002-03 | 7226062 | 1445212 | ,, | 6847683 | ,, |
| 2003-04 | 7465107 | 1493021 | ,, | 8340704 | ,, |
| 2004-05 | 7392768 | 1478554 | ,, | 9819258 | ,, |
| 2005-06 | 6774130 | 1354826 | ,, | 11174084 | ,, |
| 2006-07 | 6740878 | 1348176 | ,, | 12522260 | ,, |
| 2007-08 | 6824827 | 1364965 | 12929000 | 958225 | ,, |
| 2008-09 | 7116806 | 1423361 | ഇല്ല | 2381586 | ,, |
| 2009-10 | 7839118 | 1567824 | ,, | 3949410 | ,, |
| 2010-11 | 11476131 | 2295226 | ,, | 6244636 | ,, |
| 2011-12 | 12498623 | 2499725 | 10,00,000 | 7529643 | ആഡിറ്റ് ചെയ്യാത്തത് |
| 2012-13 | 12236745 | 2447349 | 10,00,000 | 8976992 | ,, |
| 2013-14 | 13460420 | 2692084 | 1638000 | 10031076 | ,, |
| **TOTAL** | **308663966** | **61732794** | | **10031076** | ,, |

**ആനുകൂല്യങ്ങളും നിരക്കുകളും**

| | |
|---|---|
| റിട്ടയർമെന്റ് ആനുകൂല്യം:- | അംഗത്വകാലയളവിന്റെ അടിസ്ഥാനത്തിൽ 600/-രൂപ മുതൽ 50,000/-രൂപ വരെ. |
| വിവാഹ ആനുകൂല്യം | 1000/-രൂപ |
| മരണാനന്തരാനുകൂല്യം | 10000/-രൂപ |



Generated from eOffice by Krishnakumar V P, W(3) LCO, W(3) LCO, OFFICE OF LABOUR COMMISSIONER on 09/02/2024 12:27 PM

| | |
|---|---|
| ശവസംസ്കാര സഹായം | 500/രൂപ |
| പ്രസവാനുകൂല്യം | 500/-രൂപ |
| സ്കോളർഷിപ്പ് | 300/-രൂപ മുതൽ 1000/-രൂപ വരെ |
| 2013-14 സാമ്പത്തിക വർഷത്തിൽ ആനുകൂല്യവിതരണത്തിനായി ആകെ 9,65,72,142/-രൂപ ചെലവഴിച്ചിട്ടുണ്ട്. | |

തൊഴിൽവകുപ്പിൽ നിന്നും 8002 തൊഴിലാളികൾക്ക് ജില്ലാ ലേബർ ഓഫീസ് മുഖേന പെൻഷൻ നൽകിവരുന്നു. ക്ഷേമ പദ്ധതിയിൽ നിന്നും 97 പെൻഷൻകാർക്ക് അവശതാ പെൻഷൻ നൽകുന്നു.

**2014-15 മുതൽ 5 വർഷത്തേയ്ക്ക് പ്രതീക്ഷിക്കുന്ന വരവ് ചെലവ് തുകകൾ**

| വർഷം | 2014-15 വർഷം മുതൽ 5 വർഷത്തേയ്ക്ക് പ്രതീക്ഷിക്കുന്ന തുക | | | | 2014-15 വർഷം മുതൽ 5 വർഷത്തേയ്ക്ക് റിട്ടയർ ചെയ്യുന്നവരുടെ എണ്ണം |
|---|---|---|---|---|---|
| | അംശദായ വരവ് (രൂപയിൽ) | സർക്കാർ ഗ്രാന്റ് (രൂപയിൽ) | ഭരണ ചെലവ് (രൂപയിൽ) | ആനുകൂല്യ വിതരണം (രൂപയിൽ) | |
| 2014-15 | 1,55,00,000 | 50,00,000 | 11,59,891 | 10,63,74,145 | 2078 |
| 2015-16 | 1,63,00,000 | 65,00,000 | 12,09,898 | 11,42,75,106 | 2415 |
| 2016-17 | 1,69,00,000 | 78,00,000 | 12,59,800 | 12,25,98,007 | 2898 |
| 2017-18 | 1,72,80,000 | 82,00,000 | 13,09,500 | 13,20,95,009 | 3645 |
| 2018-19 | 1,89,00,000 | 91,00,000 | 13,59,500 | 14,35,95,010 | 1024 |

ഈ പദ്ധതിയിൽ നിന്നും സർക്കാർ ധനസഹായത്തോടുകൂടി 10 വർഷം പൂർത്തിയായി സൂപ്പറാന്വേറ്റ് ചെയ്യുന്ന അംഗങ്ങൾക്ക് പെൻഷൻ നൽകിവരുന്നു.

**ജീവനക്കാരുടെ തസ്തിക, എണ്ണം, നിയമനരീതി**

| തസ്തിക | എണ്ണം | നിയമനരീതി |
|---|---|---|
| ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ | 1 | അന്യത്ര സേവന വ്യവസ്ഥയിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുമാണ് നിയമനം നടത്തുന്നത്. |
| ഫിനാൻസ് ആഫീസർ | 1 | |
| ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ | 14 | |
| ജൂനിയർ സൂപ്രണ്ട് | 1 | |
| യു.ഡി.ക്ലാർക്ക് | 1 | |
| എൽ.ഡി.ക്ലാർക്ക് | 20 | |
| എൽ.ഡി.ടൈപ്പിസ്റ്റ് | 2 | |
| ഓഫീസ് അറ്റൻഡന്റ് | 15 | |
| പി.റ്റി.എസ് | 1 | |
| 1 എൽ.ഡി.ക്ലാർക്കും 1 പാർട്ട്ടൈംസ്വീപ്പറും സ്ഥിരംജീവനക്കാരായുണ്ട്. ഈ പദ്ധതിയിൽ നിന്നും ജീവനക്കാർക്ക് പെൻഷൻ നൽകുന്നില്ല. | | |



Generated from eOffice by Krishnakumar V P, W(3) LCO, W(3) LCO, OFFICE OF LABOUR COMMISSIONER on 09/02/2024 12:27 PM

## ii. കേരള ബാർബർ/ ബ്യൂട്ടീഷ്യൻ തൊഴിലാളി ക്ഷേമപദ്ധതി

കേരള ബാർബർ/ ബ്യൂട്ടീഷ്യൻ തൊഴിലാളി ക്ഷേമപദ്ധതി 2004 ജനുവരി 3-ന് നിലവിൽ വന്നു.

**അംഗത്വം**

അധ്യായം (2) ഖണ്ഡിക 4 പ്രകാരം 18-നും 50-നും മധ്യേ പ്രായമുള്ള ബാർബർ ബ്യൂട്ടീഷ്യൻ തൊഴിലാളികൾക്ക് അംഗമാകാൻ അർഹതയുണ്ട്. ഈ പദ്ധതിയിൽ ആകെ 29495 അംഗങ്ങളും 1238 പെൻഷൻകാരുമുണ്ട്.

**അംശദായം**

അംഗങ്ങൾ പ്രതിമാസം 20/- രൂപ നിരക്കിൽ അംശദായം ക്ഷേമനിധിയിലേയ്ക്ക് നൽകേണ്ടതുണ്ട്. അംഗങ്ങൾ പ്രതിമാസം 20/- രൂപയും സർക്കാർ വിഹിതം 12/- രൂപയും പദ്ധതി അംശദായമായി ലഭിക്കുന്നുണ്ട്.

**സ്ഥിരനിക്ഷേപവും ഭരണചെലവും**

2013-14 സാമ്പത്തിക വർഷത്തിൽ ബോർഡിന് 2,72,32,180/-രൂപ സ്ഥിരനിക്ഷേപമുണ്ട്. ഈ പദ്ധതിയിൽ നിന്നും ആനുകൂല്യങ്ങൾക്കു പുറമേ ഭരണസമിതി അംഗങ്ങൾക്കുള്ള യാത്രപ്പടി, ഓഫീസ് ചെലവുകൾ, സ്റ്റേഷനറി ചെലവുകൾ എന്നിവ മാത്രമാണ് ചെലവാക്കുന്നത്. ആയതിനാൽ അനുവദനീയ ശതമാനത്തിൽ നിന്നും അധികരിക്കുന്നില്ല. കേരള ബാർബർ ബ്യൂട്ടീഷ്യൻ പദ്ധതി കേരള തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്നതിനാൽ പ്രത്യേക സ്ഥാവര ആസ്തികൾ ഇല്ല.

**സർക്കാർ ഗ്രാന്റ്/ ധനസഹായം**

കേരള ബാർബർ ബ്യൂട്ടീഷ്യൻ ക്ഷേമപദ്ധതിക്ക് പെൻഷൻ വിതരണത്തിനായി സർക്കാർ ധനസഹായം ലഭിക്കുന്നുണ്ട്. 06/2014 വരെയുള്ള പെൻഷൻ വിതരണത്തിനാവശ്യമായ ധനസഹായവും 2009 വരെയുള്ള അംശദായത്തിന്റെ സർക്കാർ വിഹിതവും ലഭിച്ചിട്ടുണ്ട്. അംശദായ ഇനത്തിലുള്ള സർക്കാർ വിഹിതം 2009 വരെ ലഭിച്ചു. അംശദായ ഇനത്തിൽ കുടിശ്ശികയുള്ള തുക ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 2010-11 | - | 26,31,168 |
| 2011-12 | - | 32,07,168 |
| 2012-13 | - | 36,54,288 |
| 2013-14 | - | 40,81,248 |

**ആനുകൂല്യങ്ങളും നിരക്കുകളും**

വിവാഹം:-പെൺകുട്ടികളുടെ വിവാഹ ചെലവിനുവേണ്ടി ഒരംഗത്തിന് 2000 രൂപ നൽകുന്നു.

പ്രസവം:- ഒരു സ്ത്രീ അംഗത്തിന് പദ്ധതിയിൽ നിന്നും 1000/- രൂപയും സർക്കാരിന്റെ പ്രസവാനുകൂല്യ പദ്ധതി പ്രകാരം 3 മാസത്തെ മിനിമം വേതനവും ചേർത്ത് പരമാവധി 15,000/- രൂപ വരെയും നൽകുന്നു.

വിദ്യാഭ്യാസം:- പ്ലസ്ടു/ വി.എച്ച്.എസ്.സി/ ടി.ടി.സി തുടങ്ങിയ കോഴ്സുകൾക്ക് 500/-രൂപയും ബി.എ./ബി.എസ്.സി/ബി.കോം/ ബി.എസ്.സി. നഴ്സിംഗ് തുടങ്ങിയ ഡിഗ്രി കോഴ്സുകൾക്ക് 750/- രൂപയും, പി.ജി./എഞ്ചിനിയറിംഗ്/മെഡിസിൻ/അഗ്രികൾച്ചർ/വെറ്റിനറി/ എംഫിൽ/എം.സി.എ തുടങ്ങിയ കോഴ്സുകൾക്ക് 1500/- രൂപയും ആനുകൂല്യം നൽകിവരുന്നു.

മരണാനന്തര ധനസഹായം:- മരണാനന്തര ധനസഹായമായി 10,500/- രൂപയും



Generated from eOffice by Krishnakumar V P, W(3) LCO, W(3) LCO, OFFICE OF LABOUR COMMISSIONER on 09/02/2024 12:27 PM

| | |
|---|---|
| ശവസംസ്കാര ചടങ്ങുകൾക്കായി 1000/-രൂപയും അംഗത്വത്തിന്റെ ദൈർഘ്യമനുസരിച്ച് റിട്ടയർമെന്റ് ആനുകൂല്യവും നല്കിവരുന്നു. | |
| 2013-14-ൽ ആനുകൂല്യവിതരണത്തിനായി 78,33,589/-രൂപ ചെലവഴിച്ചിട്ടുണ്ട്. | |

**2014-15 മുതൽ 5 വർഷത്തേയ്ക്ക് പ്രതീക്ഷിക്കുന്ന വരവ് ചെലവ് തുകകൾ**

| വർഷം | 2014-15 വർഷം മുതൽ 5 വർഷത്തേയ്ക്ക് പ്രതീക്ഷിക്കുന്ന തുക | | | | | 2014-15 വർഷം മുതൽ 5 വർഷത്തേയ്ക്ക് റിട്ടയർ ചെയ്യുന്നവരുടെ എണ്ണം |
|---|---|---|---|---|---|---|
| | അംശദായ വരവ് (രൂപ) | സർക്കാർ ഗ്രാന്റ് (രൂപ) | ഭരണ ചെലവ് (രൂപ) | ആനുകൂല്യ വിതരണം (രൂപ) | പെൻഷൻ വിതരണം (രൂപ) | |
| 2014-15 | 75,25,680 | 45,15,408 | 1,89,878 | 10,71,732 | 97,77,600 | 52 |
| 2015-16 | 82,49,280 | 49,49,568 | 2,18,359 | 12,32,491 | 1,07,49,600 | 61 |
| 2016-17 | 89,76,480 | 53,85,888 | 2,51,012 | 14,17,364 | 1,17,57,600 | 69 |
| 2017-18 | 97,04,880 | 58,22,928 | 2,88,664 | 16,29,968 | 1,28,01,600 | 75 |
| 2018-19 | 1,04,30,880 | 62,58,528 | 3,31,964 | 18,74,463 | 1,38,45,600 | 84 |

## iii. കേരള അലക്ക് തൊഴിലാളി ക്ഷേമ പദ്ധതി

കേരള അലക്ക് തൊഴിലാളി ക്ഷേമപദ്ധതി 2004 ജനുവരി 3-ന് നിലവിൽ വന്നു.

**അംഗത്വം**

അധ്യായം (2) ഖണ്ഡിക 4 പ്രകാരം 18-നും 50-നും മധ്യേ പ്രായമുള്ള അലക്ക് തൊഴിലാളികൾക്ക് അംഗമാകാൻ അർഹതയുണ്ട്. പദ്ധതിയിൽ ആകെ 4551 അംഗങ്ങളും 497 പെൻഷൻകാരുമുണ്ട്.

**അംശദായം**

Generated from eOffice by Krishnakumar V P, W(3) LCO, W(3) LCO, OFFICE OF LABOUR COMMISSIONER on 09/02/2024 12:27 PM

**2014–14 മുതൽ അടുത്ത 5 വർഷത്തേയ്ക്ക് പ്രതീക്ഷിക്കുന്ന വരവ് ചെലവ് തുകകൾ**

| വർഷം | 2014–15 വർഷം മുതൽ 5 വർഷത്തേയ്ക്ക് പ്രതീക്ഷിക്കുന്ന തുക | | | | | 2014–15 വർഷം മുതൽ 5 വർഷത്തേയ്ക്ക് റിട്ടയർ ചെയ്യുന്നവരുടെ എണ്ണം |
|---|---|---|---|---|---|---|
| | അംശദായ വരവ് (രൂപയിൽ) | സർക്കാർ ഗ്രാന്റ് (രൂപയിൽ) | ഭരണ ചെലവ് (രൂപയിൽ) | ആനുകൂല്യ വിതരണം (രൂപയിൽ) | പെൻഷൻ വിതരണം (രൂപയിൽ) | |
| 2014-15 | 20,00,000 | 8,90,00,000 | 44,00,000 | 92,0000 | 8,90,40,000 | 811 |
| 2015-16 | 20,00,000 | 9,24,00,000 | 48,00,000 | 9,20,000 | 9,24,00,000 | 400 |
| 2016-17 | 20,00,000 | 9,57,60,000 | 50,00,000 | 9,20,000 | 9,57,60,000 | 400 |
| 2017-18 | 19,00,000 | 10,08,00,000 | 54,00,000 | 9,20,000 | 10,08,00,000 | 600 |
| 2018-19 | 19,00,000 | 10,50,00,000 | 60,00,000 | 8,70,000 | 10,50,00,000 | 500 |

**ജിവനക്കാരുടെ തസ്തിക, എണ്ണം**

| തസ്തികകളുടെ പേര്, | അനുവദിച്ച എണ്ണം |
|---|---|
| ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ | 1 |
| ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ | 5 |
| അക്കൗണ്ട്സ് ഓഫീസർ | 1 |
| യു.ഡി ക്ലാർക്ക് | 1 |
| ഹെഡ് ക്ലാർക്ക് | 4 |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 1 |
| എൽ.ഡി ക്ലാർക്ക് | 15 |
| എൽ.ഡി ടൈപ്പിസ്റ്റ് | 6 |
| പ്യൂൺ | 6 |
| പാർട് ടൈംസ്വീപ്പർ | 4 |
| ഡ്രൈവർ | 2 |
| നൈറ്റ് വാച്ച്മാൻ | 1 |
| സ്ഥിരംജീവനക്കാരായി എൽ.ഡി.ടൈപ്പിസ്റ്റ്-1, പാർട്ടടൈംസ്വീപ്പർ-2 പേരുണ്ട്. ബോർഡിൽ 4 പേർ ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്നുണ്ട്. | |



Generated from eOffice by Krishnakumar V P, W(3) LCO, W(3) LCO, OFFICE OF LABOUR COMMISSIONER on 09/02/2024 12:27 PM

## 12. കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്

1989-ലെ കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി നിയമപ്രകാരം കേരള സംസ്ഥാനത്തെ അബ്കാരി തൊഴിലാളികളുടെ ക്ഷേമത്തിനും അവർക്ക് പെൻഷൻ നൽകുന്നതിനുമായി 1990 ജനുവരി 1-ന് രൂപീകരിച്ചതാണ് കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്.

**അംഗത്വം**

കേരളത്തിലെ കള്ള് വ്യവസായം ഒഴികെയുള്ള അബ്കാരി സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് ഈ ബോർഡിൽ അംഗമാകാവുന്നതാണ്. വിദേശ മദ്യത്തിന്റെ സംഭരണം, വിൽപ്പന, കുപ്പിയിൽ നിറയ്ക്കൽ, ഒരു സ്ഥലത്ത് നിന്നും മറ്റൊരു സ്ഥലത്ത് എത്തിയ്ക്കൽ, വിപണനം തുടങ്ങിയവയുമായി ബന്ധപ്പെട്ട് മൂന്ന് മാസത്തിൽ കുറയാത്ത തുടർച്ചയായി ജോലി ചെയ്തിട്ടുള്ള തൊഴിലാളികൾക്ക് ക്ഷേമനിധിയുടെ ഗുണഭോക്താക്കളാകാൻ അർഹതയുണ്ട്. പ്രവർത്തനമാരംഭിച്ച കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിൽ ആകെ 3150 അംഗങ്ങളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ആകെ 328 പെൻഷൻകാരുണ്ട്.

**അംശദായം**

തൊഴിലാളി വിഹിതമായി 10% ഉം, തൊഴിലുടമാ വിഹിതമായി 15%-വും നിധിയിലേയ്ക്ക് ഒടുക്കേണ്ടതായിട്ടുണ്ട്.

**സ്ഥിരനിക്ഷേപവും ഭരണചെലവും**

2013-14 സാമ്പത്തിക വർഷം ബോർഡിന്റെ ആകെ സ്ഥിരനിക്ഷേപം 170.56 കോടി രൂപയും ഭരണചെലവ് 1.01 കോടി രൂപയുമാണ്. അംശദായത്തിന്റെ 9% ആണ് ഭരണ ചെലവിന് അനുവദിച്ചിരിക്കുന്നത്. എന്നാലിത് 3% മുതൽ 5% വരെ അധികരിക്കാറുണ്ട്.

**സർക്കാർ ഗ്രാന്റ്/ ധനസഹായം**

ക്ഷേമനിധി ബോർഡിന് സർക്കാർ ഗ്രാന്റ് ലഭിക്കുന്നില്ല.

**ആനുകൂല്യങ്ങളും നിരക്കുകളും**

| |
|---|
| പി.എഫ്, പെൻഷൻ, ഗ്രാറ്റുവിറ്റി<br>**വായ്പകൾ :**<br>ഭവന വായ്പ - തൊഴിലാളിയുടെ 12 മാസത്തെ വേതനത്തിൽകൂടാത്ത തുക, അയാളുടെ ക്രെഡിറ്റിലുള്ള അയാളുടേതായ അംശദായമോ ഇതിൽ ഏതാണോ കുറവ് ആ തുക മുൻകൂറായി നൽകുന്നതാണ്.<br>അംഗത്തിന്റെ മകളുടെ വിവാഹത്തിനുള്ള അഡ്വാൻസ് - 2,000/- രൂപയിൽ കവിയാത്ത തുക<br>അംഗത്തിന്റെ മക്കളുടെ വിദ്യാഭ്യാസത്തിനുള്ള അഡ്വാൻസ് - 1,000/- രൂപയിൽ കവിയാത്ത തുക.<br>രോഗ ചികിത്സയ്ക്കുള്ള അഡ്വാൻസ് - 500/- രൂപയിൽ കവിയാത്ത തുക.<br>**ധനസഹായം:**<br>എക്സ്ഗ്രേഷ്യ - 10,000/- രൂപ<br>മരണാനന്തര ധനസഹായം - 1,000/- രൂപ<br>സ്കോളർഷിപ്പ് |
| 2013-14-ൽ ആനുകൂല്യവിതരണത്തിന് ആകെ 4.33 .കോടി രൂപ ചെലവാക്കിയിട്ടുണ്ട്. |



Generated from eOffice by Krishnakumar V P, W(3) LCO, W(3) LCO, OFFICE OF LABOUR COMMISSIONER on 09/02/2024 12:27 PM

**അടുത്ത 5 വർഷത്തേയ്ക്ക് പ്രതീക്ഷിക്കുന്ന വരവ് - ചെലവ് തുകകൾ**

| വർഷം | 2014-15 മുതൽ അടുത്ത 5 വർഷത്തേയ്ക്ക് പ്രതീക്ഷിക്കുന്ന തുക | | | |
|---|---|---|---|---|
| | അംശദായവരവ് (രൂപ) | ഭരണചെലവ് (രൂപ) | ആനുകൂല്യവിതരണം (രൂപ) | പെൻഷൻ വിതരണം (രൂപ) |
| 2014-15 | 10,50,00,000 | 1,27,00,000 | 4,76,46,145 | 30,70,000 |
| 2015-16 | 11,00,00,000 | 1,40,00,000 | 5,24,10,760 | 31,28,000 |
| 2016-17 | 11,50,00,000 | 1,55,00,000 | 5,76,51,836 | 32,10,000 |
| 2017-18 | 12,00,00,000 | 1,70,00,000 | 6,34,17,020 | 32,79,000 |
| 2018-19 | 12,50,00,000 | 1,80,00,000 | 6,97,58,722 | 33,38,000 |

**ജീവനക്കാരുടെ വിവരങ്ങൾ**

കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിൽ സ്പെഷ്യൽ റൂൾസ് നിലവിലില്ല. ബോർഡ് തീരുമാനത്തിന് വിധേയമായി സർക്കാരിന്റെ അനുമതി യോടുകൂടി അന്യത്രസേവന വ്യവസ്ഥയിലാണ് ജീവനക്കാരെ നിയമിക്കുന്നത്.

തൃശ്ശൂർ മേഖലാ ഓഫീസിൽ ഒരു ഓഫീസ് അറ്റൻഡന്റും, കോഴിക്കോട് മേഖലാ ഓഫീസിൽ ഒരു എൽ.ഡി. ക്ലാർക്കും ബോർഡിന്റെ ജീവനക്കാരായി ജോലിചെയ്യുന്നു. അംഗപരിമിതർക്ക് പുനർനിയമനം നൽകണമെന്ന സർക്കാരിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാരിന്റെ അനുമതിയോടുകൂടിയാണ് മേൽപ്പറഞ്ഞവരെ നിയമിച്ചിരിക്കുന്നത്.

കേവലം 3150 അംഗങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിന് 328 പെൻഷൻകാർക്ക് പെൻഷൻ വിതരണം ചെയ്യുന്നതിനും ഭീമമായ തുക ഭരണചെലവിനത്തിൽ വിനിയോഗിച്ച് ഈ ക്ഷേമപദ്ധതി ഒരു പ്രത്യേക ബോർഡിന്റെ കീഴിൽ നിലനിർത്തേണ്ടതില്ല. സർക്കാർ വിദേശ മദ്യവ്യവസായത്തിൽ ഏർപ്പെടുത്തിയിരിക്കുന്ന നിയന്ത്രണം പ്രാബല്യത്തിൽ വരുന്നതോടെ ടി ക്ഷേമബോർഡിന്റെ ആവശ്യം അപ്രസക്തമാവുകയാണ്. മേൽ സാഹചര്യത്തിൽ, ഈ ബോർഡ് നിർത്തലാക്കി കേരള അബ്കാരി ക്ഷേമനിധി പദ്ധതിയെ കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഒരു പ്രത്യേക പദ്ധതിയാക്കി നിലനിർത്താവുന്നതാണ്.



Generated from eOffice by Krishnakumar V P, W(3) LCO, W(3) LCO, OFFICE OF LABOUR COMMISSIONER on 09/02/2024 12:27 PM

## 13. കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്

01/08/2009-ലെ 1771/ലെഗ്.സി2/2008/നിയമപ്രകാരം കേരള ആഭരണ തൊഴിലാളി ക്ഷേമനിധി നിയമം നിലവിൽ വരികയും 03/08/2010-ൽ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ് പ്രവർത്തനമാരംഭിക്കുകയും ചെയ്തു.

**അംഗത്വം**

ക്ഷേമപദ്ധതി 16 പ്രകാരം 18 വയസ്സ് പൂർത്തിയായും എന്നാൽ 55 വയസ്സ് പൂർത്തിയാകാത്തതുമായ തൊഴിലാളിക്കോ സ്വയം തൊഴിൽ ചെയ്യുന്ന ഒരാൾക്കോ അംഗത്വമെടുക്കാവുന്നതാണ്. നിലവിൽ 14,834 പേർ ക്ഷേമനിധിബോർഡിൽ അംഗങ്ങളാണ്.

**അംശദായം**

തൊഴിലാളി അംശദായമായി ആക്ട് 4 പ്രകാരം പ്രതിമാസം 20/-രൂപ അടക്കേണ്ടതാണ്. തൊഴിലുടമ അംശദായമായി ആക്ട് 5(1) പ്രകാരം ഓരോ വ്യാപാരിയും തന്റെ ഒരു വർഷത്തെ ആഭരണ വിറ്റ് വരവിന്റെ 0.25% വരുന്ന തുക സെസ്സ് ആയി സർക്കാരിലേക്ക് നിർണ്ണയിക്കപ്പെട്ട രീതിയിൽ സഞ്ചിതനിധിയിൽ അടക്കേണ്ടതാണ്. സർക്കാർ അംശദായമായി ആക്ട് 4(2)പ്രകാരം ഓരോ അംഗവും നൽകിയ തുകയുടെ 5% തുല്ല്യമായ തുക വർഷംതോറും നൽകേണ്ടതാണ്.

**സ്ഥിരനിക്ഷേപവും ആസ്തിവിവരങ്ങളും ഭരണചെലവും**

സ്വന്തമായി വസ്തുവകളോ, കെട്ടിടങ്ങളോ ഇല്ലാത്ത ഈ ക്ഷേമനിധി ബോർഡിൽ നിലവിൽ സ്ഥിരനിക്ഷേപം ഇല്ല. ബോർഡിന്റെ അനുവദനീയ ഭരണചെലവ് 10% ആണ്. സാമ്പത്തികമായി നഷ്ടത്തിലുള്ള ഈ ബോർഡിന് തൊഴിലാളികളുടെ അംശദായമാണ് ഏക വരുമാനമാർഗ്ഗം.

**സർക്കാർ ഗ്രാന്റ്/ ധനസഹായം**

നിലവിൽ ഈ ബോർഡിന് യാതൊരുവിധ സർക്കാർ ധനസഹായവും ലഭിച്ചിട്ടില്ല. 2009 ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി നിയമം 4(2) വകുപ്പ് പ്രകാരം ഓരോ അംഗവും ഓരോ വർഷവും നൽകിയ തുകയുടെ 5% തുല്യമായ തുക ക്ഷേമനിധിയിലേക്ക് സർക്കാർ അംശദായമായി നൽകേണ്ടതുണ്ട്. മേൽപ്പറഞ്ഞ സർക്കാർ കുടിശ്ശികയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| വർഷം | അംശദായമായി ലഭിച്ച തുക (രൂപ) | സർക്കാർ വിഹിതം (രൂപ) |
|---|---|---|
| 2011-12 | 17,08,200/- | 85,410/- |
| 2012-13 | 19,26,840/- | 96,342/- |
| 2013-14 | 24,50,170/- | 1,22,509/- |

**ആനുകൂല്യങ്ങളും നിരക്കുകളും**

| | | | |
|---|---|---|---|
| 1) | പെൻഷൻ | - | 500/- രൂപ |
| 2) | കുടുംബപെൻഷൻ | - | പെൻഷൻ തുകയുടെ 50% |
| 3) | പ്രസവാനുകൂല്യം | - | 2,000/- രൂപ |
| 4) | വിവാഹധനസഹായം - | | 3000/- രൂപ |
| 5) | വിദ്യാഭ്യാസാനുകൂല്യം | - | 500 രൂപ മുതൽ 2,000/- വരെ |
| 6) | ചികിത്സാ സഹായം | - | 25,000/- രൂപ |
| 7) | മരണാനന്തരസഹായം | - | 10,000/- രൂപ |
| 8) | പെൻഷൻകാർക്കുള്ള മരണാനന്തരസഹായം | - | 3,000/- രൂപ |



Generated from eOffice by Krishnakumar V P, W(3) LCO, W(3) LCO, OFFICE OF LABOUR COMMISSIONER on 09/02/2024 12:27 PM

2013-14 സാമ്പത്തിക വർഷത്തിൽ ആനുകൂല്യവിതരണത്തിനായി ആകെ 20,000/- ചെലവാക്കിയിട്ടുണ്ട്.

**2014-14 മുതൽ അടുത്ത 5 വർഷത്തേയ്ക്ക് വരവിനത്തിലും ചെലവിനത്തിലും പ്രതീക്ഷിക്കുന്ന തുക**

2014-15 സാമ്പത്തിക വർഷം മുതൽ അടുത്ത 5 വർഷത്തേക്ക് ഏകദേശം 75,00,000/- രൂപ അംശദായമായും ആയതിന്റെ 5% ആയ 3,75,000/-രൂപ സർക്കാർ ഗ്രാന്റായും ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

2014-15 മുതൽ അടുത്ത 5 വർഷത്തേക്ക് ഭരണചെലവിന് വേണ്ടി ഏകദേശം 1,45,90,000/- രൂപയും ആനുകൂല്യവിതരണത്തിന് വേണ്ടി ഏകദേശം 30,00,000/- രൂപയും വേണ്ടിവരുമെന്ന് പ്രതീക്ഷിക്കുന്നു.

2014-15 സാമ്പത്തിക വർഷം മുതൽ അടുത്ത 5 വർഷം വരെ ഏകദേശം 3400 പേർ പദ്ധതിയിൽ നിന്നും റിട്ടയർ ചെയ്യുമെന്നും പെൻഷൻ വിതരണത്തിന് വേണ്ടി ഏകദേശം 17,00,000/-രൂപയും വേണ്ടിവരുമെന്ന് പ്രതീക്ഷിക്കുന്നു.

**സർക്കാർ അനുവദിച്ചിട്ടുള്ള ജീവനക്കാരുടെ തസ്തികയും എണ്ണവും**

| ചീഫ് എക്സിക്യൂട്ടീവ് ആഫീസ് | | |
|---|---|---|
| എൽ.ഡി.ക്ലാർക്ക് | 2 | അന്യത്രസേവന വ്യവസ്ഥയിൽ |
| ഓഫീസ് അറ്റൻഡന്റ് | 1 | |
| 3-മേഖലാ ആഫീസുകൾ | | |
| ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ | 3 | അന്യത്രസേവന വ്യവസ്ഥയിൽ |
| എൽ.ഡി.ക്ലാർക്ക് | 3 | |
| ഓഫീസ് അറ്റൻഡന്റ് | 3 | |

ബോർഡിൽ റിട്ടയർ ചെയ്ത തൊഴിലാളികൾക്ക് നാളിതുവരെ പെൻഷൻ വിതരണം ആരംഭിച്ചിട്ടില്ല. അനുകൂല്യവിതരണവും കാര്യമായ തോതിൽ നടന്നിട്ടില്ല. വരുംവർഷങ്ങളിൽ ബോർഡ് നിലനിൽക്കുകയാണെങ്കിൽ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടേണ്ടി വരുമെന്ന് കണക്കാക്കുന്നു. മേൽപ്പറഞ്ഞ സാഹചര്യത്തിൽ, കേരള ആഭരണ തൊഴിലാളി ക്ഷേമപദ്ധതിയെ കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ക്ഷേമനിധി ബോർഡിന് കീഴിൽ ഒരു പ്രത്യേക പദ്ധതിയായി കൂട്ടിച്ചേർക്കാവുന്നതാണ്.



Generated from eOffice by Krishnakumar V P, W(3) LCO, W(3) LCO, OFFICE OF LABOUR COMMISSIONER on 09/02/2024 12:27 PM

## 14. കേരള ചെറുകിടതോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്.

2009 മെയ് 20-നാണ് കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് ആരംഭിച്ചത്.

**അംഗത്വം**

അംഗത്വത്തിന് അപേക്ഷിക്കുന്നതിന് തൊട്ടുമുൻപുള്ള 12 മാസങ്ങൾക്കുള്ളിൽ 90 ദിവസം ചെറുകിട തോട്ടം തൊഴിലാളിയായോ, ചെറുകിട തോട്ടങ്ങളിൽ സ്വയം തൊഴിൽ ചെയ്യുന്ന ആളായോ ജോലി ചെയ്തുവരുന്നതും, 18 വയസ് പൂർത്തിയായതും 55 വയസ് പൂർത്തിയാകാത്തതുമായ ഒരാൾക്ക് അംഗത്വത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. ബോർഡിൽ ആകെ 13637 തൊഴിലാളികളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

**അംശദായം**

തൊഴിലാളി വിഹിതമായി പ്രതിമാസം 20/- രൂപയും തൊഴിലുടമാ വിഹിതമായി പ്രതിമാസം 20/- രൂപയും സർക്കാർ വിഹിതമായി പ്രതിമാസം 10/- രൂപയും നിധിയിൽ ഒടുക്കേണ്ടതുണ്ട്.

**സ്ഥിരനിക്ഷേപവും ഭരണചെലവും**

ബോർഡിന്റെ ആകെ സ്ഥിരനിക്ഷേപം 1,08,82,500/- രൂപയും 2013-14-ലെ ഭരണചെലവ് 86,009/- രൂപയുമാണ്. ഭരണചെലവ് 2010-11-ൽ 4,62,177/- രൂപയും 2011-12-ൽ 1,23,485/- രൂപയും 2012-13-ൽ 3,08,623/- രൂപയുമായിരുന്നു. വാർഷിക അംശദായത്തിന്റെ 10%-ൽ കവിയാത്ത തുകയാണ് ബോർഡിന്റെ ഭരണചെലവിന്റെ അനുവദനീയ ശതമാനം.

**സർക്കാർ ഗ്രാന്റ്/ ധനസഹായം**

ബോർഡിന് സർക്കാർ ധനസഹായമായി തുകയൊന്നും അനുവദിച്ചിട്ടില്ല.

**ആനുകൂല്യങ്ങളും നിരക്കുകളും**

| | | |
|---|---|---|
| പ്രസവാനുകൂല്യം | - | 2,000/- രൂപ |
| ഗർഭം അലസലിന് | - | 1,000/- രൂപ |
| വിവാഹാനുകൂല്യം | - | 3000/- രൂപ (പെൺകുട്ടികളുടെ വിവാഹത്തിന്) |
| ചികിത്സാസഹായം | - | 10,000/- രൂപ (അംഗത്വ കാലയളവിൽ പരമാവധി) |
| മരണാന്തരസഹായം | - | 3 വർഷം വരെയുള്ള അംഗത്വത്തിന് 1,500/- രൂപയും തുടർന്നുള്ള ഓരോ വർഷത്തിനും 400/- രൂപ വീതവും. |

2013-14-ൽ ആനുകൂല്യവിതരണത്തിന് 66,597/- രൂപ ചെലവാക്കിയിട്ടുണ്ട്. ബോർഡ് നാളിതുവരെ പെൻഷൻ വിതരണം ആരംഭിച്ചിട്ടില്ല.

**2014-14 മുതൽ അടുത്ത 5 വർഷത്തേയ്ക്ക് പ്രതീക്ഷിക്കുന്ന വരവ് ചെലവ് തുകകൾ**

2014-15 മുതൽ അടുത്ത 5 വർഷത്തേയ്ക്ക് പ്രതീക്ഷിക്കുന്ന ആകെ അംശദായവരവ് 176 ലക്ഷം രൂപയും സർക്കാർ ഗ്രാന്റ് 35 ലക്ഷം രൂപയും ഭരണചെലവ് 39 ലക്ഷം രൂപയും ആനുകൂല്യവിതരണത്തിനുള്ള ചെലവ് 6 ലക്ഷം രൂപയുമാണ്.



Generated from eOffice by Krishnakumar V P, W(3) LCO, W(3) LCO, OFFICE OF LABOUR COMMISSIONER on 09/02/2024 12:27 PM

2014–15 മുതൽ അടുത്ത 5 വർഷം പദ്ധതിയിൽ നിന്നും 1655 പേർ റിട്ടയർ ചെയ്യുമെന്നും അവർക്കുള്ള പെൻഷൻ വിതരണത്തിനായി 3.04 കോടി രൂപ വേണ്ടി വരുമെന്നും പ്രതീക്ഷിക്കുന്നു.

ബോർഡിൽ സ്ഥിരം ജീവനക്കാരില്ല.

ഭീമമായ തുക ഭരണചെലവിനായി വേണ്ടി വരുന്ന സാഹചര്യത്തിൽ ചെറുകിടതോട്ടം തൊഴിലാളി ക്ഷേമബോർഡിനെ നിലനിർത്തേണ്ടതില്ല എന്ന് ബോദ്ധ്യപ്പെടുന്നു. കേവലം 13586 അംഗങ്ങൾ ഉള്ള ഒരു ക്ഷേമപദ്ധതിയ്ക്കു വേണ്ടി പ്രത്യേകം ഒരു ബോർഡ് പ്രവർത്തിക്കേണ്ട ആവശ്യമില്ല. ചെറുകിട തോട്ടം തൊഴിലാളി ക്ഷേമബോർഡിന്റെ കീഴിലുള്ള സ്കീമിനെ കേരള തൊഴിലാളി ക്ഷേമനിധി ബോർഡിന് കീഴിൽ പ്രത്യേക പദ്ധതിയായി പ്രവർത്തിപ്പിക്കാവുന്നതാണ്.



Generated from eOffice by Krishnakumar V P, W(3) LCO, W(3) LCO, OFFICE OF LABOUR COMMISSIONER on 09/02/2024 12:27 PM

## 15. കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്

05/08/2000-ലാണ് കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് നിലവിൽ വന്നത്.

**അംഗത്വം**

ഈറ്റ, കാട്ടുവള്ളി, തഴ തൊഴിൽ മേഖലയിൽ 3 വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയമുള്ളവർക്ക് ക്ഷേമനിധിയിൽ അംഗത്വം നൽകുന്നു. നിലവിൽ 60480 തൊഴിലാളികൾ അംഗങ്ങളായിട്ടുണ്ട്.

**അംശദായം**

ഒരു തൊഴിലാളിയിൽ നിന്നും രജിസ്ട്രേഷൻ ഫീസായി 10/- രൂപയും പ്രതിമാസ അംശദായമായി 7/- രൂപയും ഈടാക്കി വരുന്നു (തൊഴിലാളി - 7 രൂപ, തൊഴിലുടമ - 7 രൂപ, സർക്കാർ - 7 രൂപ).

**സ്ഥിരനിക്ഷേപവും ഭരണചെലവും സ്ഥാവര ആസ്തിവിവരവും**

2013-14 വർഷം വരെയുള്ള ബോർഡിന്റെ ആകെ സ്ഥിരനിക്ഷേപം 1.41 കോടി രൂപയാണ്. ബോർഡിൽ ബോർഡിതു ലഭിച്ചതോ, ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നതോ ആയ മൊത്തം അംശദായത്തിന്റെ 10% ശതമാനം അനുവദനീയമായാണ് ഭരണചെലവ് കണക്കാക്കുന്നത്. ഭരണച്ചെലവ് 30%വരെ അധികരിച്ചിട്ടുണ്ട്. കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിന് സ്വന്തമായി കെട്ടിടമോ വസ്തുവകകളോ ഇല്ല.

**സർക്കാർ ഗ്രാന്റ്/ ധനസഹായം**

ക്ഷേമനിധി ബോർഡിന് സർക്കാർ ധനസഹായം ലഭിക്കുന്നുണ്ട്. പൂർണ്ണമായും സർക്കാർ ഗ്രാന്റിനെ മാത്രം ആശ്രയിച്ചാണ് ഈ ബോർഡ് പ്രവർത്തിക്കുന്നത്. കൂടാതെ 7/2014 മുതൽ 8/2014 വരെയുള്ള പെൻഷൻ കുടിശ്ശികയുണ്ട്.

**ആനുകൂല്യങ്ങളും നിരക്കുകളും**

| | | |
|---|---|---|
| വിവാഹാനുകൂല്യം | :- | 3000 രൂപ |
| പ്രസവാനുകൂല്യം | :- | 1000 രൂപ |
| സ്ക്കോളർഷിപ്പ് | :- | 1000 രൂപ |
| പെൻഷൻ പ്രതിമാസം | :- | 600 രൂപ വീതം |
| ചികിത്സ സഹായം | :- | 15000 രൂപ വരെ |
| 2013-14-ൽ 3.86 കോടി രൂപ ആനുകൂല്യവിതരണത്തിനായി ചെലവഴിച്ചിട്ടുണ്ട്. | | |

**2014-15 മുതൽ അടുത്ത 5 വർഷത്തേയ്ക്ക് പ്രതീക്ഷിക്കുന്ന വരവ് ചെലവ് തുകകൾ**

2014-15 മുതൽ അടുത്ത 5 വർഷത്തേയ്ക്ക് പ്രതീക്ഷിക്കുന്ന ആകെ അംശദായ വരവ് തുക 63 ലക്ഷം രൂപയും സർക്കാർ ഗ്രാന്റ് 34.22 കോടി രൂപയും ഭരണചെലവിന് 80 ലക്ഷം രൂപയും ആനുകൂല്യ വിതരണത്തിന് 2.64 കോടി രൂപയും പെൻഷൻ വിതരണത്തിന് 17.44 കോടി രൂപയും പ്രതീക്ഷിക്കുന്നു.

2014-15 മുതൽ അടുത്ത 5 വർഷത്തിനുള്ളിൽ പദ്ധതിയിൽ നിന്നും റിട്ടയർ ചെയ്യുന്നവർ 4847 ആയും കണക്കാക്കുന്നു.

**സർക്കാർ അനുവദിച്ചിട്ടുള്ള ജീവനക്കാരുടെ തസ്തികയും എണ്ണവും**

| | |
|---|---|
| ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ | 1 |
| അക്കൗണ്ട്സ് ഓഫീസർ | 1 |
| എൽ.ഡി.ക്ലാർക്ക് | 6 |
| എൽ.ഡി.ടൈപ്പിസ്റ്റ് | 2 |
| ഡ്രൈവർ ഗ്രേഡ് 2 | 1 |
| പ്യൂൺ ഗ്രേഡ് 2 | 2 |
| നൈറ്റ് വാച്ചർ | 1 |
| പാർട്ട്ടൈംസ്വീപ്പർ | 1 |
| കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിൽ സ്പെഷ്യൽ റൂൾ നിലവിലില്ലാത്തതിനാൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും ദിവസവേതന അടിസ്ഥാനത്തിലുമാണ് നിയമനം നടത്തുന്നത്. . ക്ഷേമനിധി കാര്യാലയത്തിൽ സ്ഥിരം ജീവനക്കാർ ആരുമില്ല. ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിതരായ അക്കൗണ്ട്സ് ഓഫീസറും എൽ.ഡി.ടൈപ്പിസ്റ്റുമാണ് നിലവിലുള്ളത്. | |

ബോർഡിന്റെ അനുവദനീയ ഭരണചെലവ് 10% ആണെന്നിരിക്കെ ആയത് 34% ആയി വർദ്ധിപ്പിക്കണമെന്ന് ബോർഡ് ആവശ്യപ്പെട്ടിട്ടുണ്ട്. ബോർഡ് സാമ്പത്തിക പ്രതിസന്ധിയിലാണ്. ഈ ക്ഷേമപദ്ധതിയിൽ അംഗത്വമുള്ള തൊഴിലാളികൾ മുൻപ് കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമപദ്ധതിയുടെ കീഴിൽ ഉൾപ്പെടുത്തിയിരുന്നതാണ്. കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമപദ്ധതിയെ കേരള അസംഘടിത തൊഴിലാളി ക്ഷേമ ബോർഡിനൊപ്പം കൂട്ടിച്ചേർക്കാനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതാണ്. ബോർഡിലെ പെൻഷൻകാർക്ക് നിലവിൽ സർക്കാർ പെൻഷൻ നൽകിവരുന്ന അവസ്ഥയാണ്. മേൽപ്പറഞ്ഞ സാഹചര്യത്തിൽ, കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിനെ കേരള അസംഘടിത തൊഴിലാളി സാമൂഹ്യസുരക്ഷാ ബോർഡിൽ കൂട്ടിച്ചേർക്കാവുന്നതാണ്.



Generated from eOffice by Krishnakumar V P, W(3) LCO, W(3) LCO, OFFICE OF LABOUR COMMISSIONER on 09/02/2024 12:27 PM

## 16. കേരള ബീഡി & സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡ്

1995-ലെ കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധി നിയമ (1995-ലെ 18) പ്രകാരം സംസ്ഥാനത്തെ ബീഡ്-ചുരുട്ട് വ്യവസായ തൊഴിലാളികൾക്കും സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്കും വേണ്ടി 1999 ജൂലൈ മാസം കേരള ബീഡി & സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകൃതമായി.

**അംഗത്വം**

18 വയസ്സ് പൂർത്തിയായതും എന്നാൽ 55 വയസ്സ് തികയാത്തതും ആയ എല്ലാ തൊഴിലാളിയും സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തിയും തുടർച്ചയായി മൂന്ന് മാസത്തെ സർവ്വീസുള്ള ആളാണെങ്കിൽ അവർക്ക് ക്ഷേമനിധി അംഗമാകാൻ അർഹതയുണ്ടായിരിക്കുന്നതാണ്. ആകെ 42,274 തൊഴിലാളികൾ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ബോർഡിൽ നിന്നും 2982 പേർക്ക് പെൻഷൻ വിതരണം ചെയ്തുവരുന്നു.

**അംശദായം**

തൊഴിലാളി അംശദായവിഹിതമായി 3/-രൂപയും തൊഴിലുടമ അംശദായ വിഹിതമായി 6/-രൂപയും വീതം നിധിയിൽ ഒടുക്കേണ്ടതുണ്ട്.

**സ്ഥിരനിക്ഷേപവും ഭരണചെലവും സ്ഥാവര ആസ്തിവിവരവും**

2012-13-ലെ ഓഡിറ്റ് പ്രകാരമുള്ള ആസ്തി 8,01,984/- രൂപയും 31/03/2013 വരെയുള്ള ആകെ സ്ഥിരനിക്ഷേപം 2.85 കോടി രൂപയും 2013-14 വർഷത്തെ ഭരണചെലവ് 27.57 ലക്ഷം രൂപയുമാണ്. ബോർഡിന്റെ അനുവദനീയ ഭരണചെലവ് വരുമാനത്തിന്റെ 15% ആണ്. എന്നാൽ, ഇത് 30%-മായി അധികരിക്കുന്നുണ്ട്.

**സർക്കാർ ഗ്രാന്റ്/ ധനസഹായം**

സർക്കാർ ഗ്രാന്റ് ലഭിക്കുന്നുണ്ട്.

**ആനുകൂല്യങ്ങളും നിരക്കുകളും**

| | |
|---|---|
| വിവാഹധനസഹായം (അംഗങ്ങൾ) | 2000/- രൂപ |
| വിവാഹധനസഹായം (പെൺമക്കൾ) | 2000/- രൂപ |
| മരണാനന്തര ധനസഹായം | 10,000/- രൂപ |
| അവശതാ ധനസഹായം | 10,000/- രൂപ |
| ബീഡി തൊഴിലാളി പെൻഷൻ | 600/- രൂപ |
| ചുരുട്ടുതൊഴിലാളി പെൻഷൻ | 600/- രൂപ |
| പ്രസവാനുകൂല്യം | 15,000/- രൂപ (അല്ലെങ്കിൽ 3 മാസത്തെ വേതനം ഏതാണോ കുറവ് അത്) |

മേൽപ്പറഞ്ഞ ആനുകൂല്യങ്ങളുടെ വിതരണത്തിനായി 2013-14-ൽ 2.68 കോടി രൂപ ചെലവായിട്ടുണ്ട്. 2014 ജൂലൈ മുതൽ സെപ്റ്റംബർ വരെയുള്ള 3 മാസത്തെ പെൻഷൻ കുടിശ്ശികയാണ്. ബീഡി തൊഴിലാളി പെൻഷൻ ഇനത്തിൽ 47.98 ലക്ഷം രൂപയും ചുരുട്ടുതൊഴിലാളി പെൻഷൻ ഇനത്തിൽ 4,17,600/- രൂപയും കുടിശ്ശികയായുണ്ട്.



Generated from eOffice by Krishnakumar V P, W(3) LCO, W(3) LCO, OFFICE OF LABOUR COMMISSIONER on 09/02/2024 12:27 PM

**2014-15 മുതൽ 2018-19 വരെ പ്രതീക്ഷിക്കുന്ന തുക**

| വർഷം | അംശദായ വരവ്. (രൂപയിൽ) | ഭരണച്ചെലവ് (രൂപയിൽ) | 2014-15 മുതൽ 2018-19 വരെ റിട്ടയർ ചെയ്യുന്നവരുടെ എണ്ണം. |
|---|---|---|---|
| 2014-15 | 14,00,000 | 31,43,560 | 780 |
| 2015-16 | 13,00,000 | 37,72,272 | 920 |
| 2016-17 | 13,00,000 | 45,26,726 | 1140 |
| 2017-18 | 13,00,000 | 54,32,071 | 1380 |
| 2018-19 | 12,00,000 | 65,18,485 | 1760 |

**2014-15 മുതൽ 2018-19 വരെ പ്രതീക്ഷിക്കുന്ന സർക്കാർ ഗ്രാന്റ്.**

| വർഷം | സർക്കാർ അംശദായം (രൂപയിൽ) | ബീഡി പെൻഷൻ (രൂപയിൽ) | ചുരുട്ട് പെൻഷൻ (രൂപയിൽ) |
|---|---|---|---|
| 2014-15 | 4,00,000 | 3520 * 600 * 12 = 2,53,44,000 | 237 * 600 * 12 = 17,06,400 |
| 2015-16 | 4,00,000 | 4440 * 700 * 12 = 3,72,96,000 | 232 * 700 * 12 = 19,48,800 |
| 2016-17 | 4,00,000 | 5580 * 800 * 12 = 5,35,68,000 | 225 * 800 * 12 = 21,60,000 |
| 2017-18 | 4,00,000 | 6960 * 900 * 12 = 7,51,68,000 | 219 * 900 * 12 = 23,65,200 |
| 2018-19 | 3,00,000 | 8720 * 1000 * 12 = 10,46,40,000 | 216 * 1000 * 12 = 25,92,000 |

**2014-15 മുതൽ 2018-19 വരെ പ്രതീക്ഷിക്കുന്ന ആനുകൂല്യച്ചെലവ്.**

| ഇനം | 2014-15 (രൂപയിൽ) | 2015-16 (രൂപയിൽ) | 2016-17 (രൂപയിൽ) | 2017-18 (രൂപയിൽ) | 2018-19 (രൂപയിൽ) |
|---|---|---|---|---|---|
| വനിതാ അംഗത്തിന്റെ വിവാഹ ധനസഹായം | 32,000 | 30,000 | 30,000 | 28,000 | 26,000 |
| അംഗതൊഴിലാളികളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 5,20,000 | 5,50,000 | 5,80,000 | 6,10,000 | 6,20,000 |
| മരണാനന്തര ധനസഹായം | 40,000 | 20,000 | 40,000 | 40,000 | 30,000 |
| അവശതാ ധനസഹായം | 10,000 | 10,000 | 20,000 | 10,000 | 10,000 |
| ബീഡി പെൻഷൻ | 21,12,000 | 31,08,000 | 44,64,000 | 62,64,000 | 87,20,000 |
| ചുരുട്ട് പെൻഷൻ | 1,49,310 | 1,70,520 | 1,89,000 | 2,06,955 | 2,26,800 |
| പ്രസവാനുകൂല്യം | 1,80,000 | 2,10,000 | 2,50,000 | 2,80,000 | 3,20,000 |

**2014-15 മുതൽ 2018-19 വരെ പെൻഷൻ വിതരണത്തിനുവേണ്ടി ഒരോവർഷവും വേണ്ടിവരുന്ന തുക.**

| വർഷം | ഇനം | പെൻഷണറുടെ എണ്ണം X പെൻഷൻ തുക (രൂപയിൽ) | തുക (രൂപയിൽ) |
|---|---|---|---|
| 2014-15 | ബീഡി തൊഴിലാളി പെൻഷൻ | 3520 @ 600 * 12 | 2,53,44,000 |
| | ചുരുട്ടു തൊഴിലാളി പെൻഷൻ | 237 @ 600 * 12 | 17,06,400 |
| 2015-16 | ബീഡി തൊഴിലാളി പെൻഷൻ | 4440 @ 700 * 12 | 3,72,96,000 |
| | ചുരുട്ടു തൊഴിലാളി പെൻഷൻ | 232 @ 700 * 12 | 19,48,800 |
| 2016-17 | ബീഡി തൊഴിലാളി പെൻഷൻ | 5580 @ 800 * 12 | 5,35,68,000 |
| | ചുരുട്ടു തൊഴിലാളി പെൻഷൻ | 225 @ 800 * 12 | 21,60,000 |



Generated from eOffice by Krishnakumar V P, W(3) LCO, W(3) LCO, OFFICE OF LABOUR COMMISSIONER on 09/02/2024 12:27 PM

| | | | |
|---|---|---|---|
| 2017-18 | ബീഡി തൊഴിലാളി പെൻഷൻ | 6960 @ 900 * 12 | 7,51,68,000 |
| | ചുരുട്ടു തൊഴിലാളി പെൻഷൻ | 219 @ 900 * 12 | 23,65,200 |
| 2018-19 | ബീഡി തൊഴിലാളി പെൻഷൻ | 8720 @ 1000 * 12 | 10,46,40,000 |
| | ചുരുട്ടു തൊഴിലാളി പെൻഷൻ | 216 @ 1000 * 12 | 25,92,000 |

**സർക്കാർ അനുവദിച്ചിട്ടുള്ള തസ്തികയുടെ എണ്ണവും**

| ചീഫ് ആഫീസ് | എണ്ണം |
|---|---|
| ചീഫ് എക്സിക്യൂട്ടീവ് ആഫീസർ | 1 |
| ചീഫ് അക്കൗണ്ട്സ് ആഫീസർ | 1 |
| ചീഫ് സീനിയർ സൂപ്രണ്ട് | 1 |
| ക്ലാർക്ക് | 4 |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 1 |
| ടൈപ്പിസ്റ്റ് | 1 |
| ഡ്രൈവർ | 1 |
| ഓഫീസ് അറ്റൻഡന്റ് | 3 |
| നൈറ്റ് വാച്ച്മാൻ | 1 |
| കാഷ്വൽ സ്വീപ്പർ | 1 |
| റീജിയണൽ എക്സിക്യൂട്ടീവ് ആഫീസുകൾ-കണ്ണൂർ, കാസർഗോഡ് & ചാവക്കാട് | |
| റീജിയണൽ എക്സിക്യൂട്ടീവ് ആഫീസർ (1 X 3) | 3 |
| എൽ.ഡി.ക്ലാർക്ക് (2 X 3) | 6 |
| ഓഫീസ് അറ്റൻഡന്റ് (1 X 3) | 3 |
| കാഷ്വൽ സ്വീപ്പർ (1 X 3) | 3 |

കേരള ബീഡി ചുരുട്ടു തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കാസർഗോഡ്, ചാവക്കാട് എന്നീ ജില്ലകളിൽ റീജിണൽ ഓഫീസുകൾ ഉണ്ടെങ്കിലും ദൈനംദിനം പ്രവർത്തിക്കുന്നില്ല. കണ്ണൂരിലുള്ള ചീഫ് എക്സിക്യൂട്ടീവ് ഓഫീസിനോട് അനുബന്ധിച്ചുള്ള റീജിണൽ എക്സിക്യൂട്ടീവ് ഓഫീസ് മാത്രമെ പ്രവർത്തിക്കുന്നുള്ളൂ. കണ്ണൂർ റീജിണൽ എക്സിക്യൂട്ടീവ് ഓഫീസറുടെ തസ്തികയിൽ ഡെപ്യൂട്ടേഷൻ വഴിയാണ് നിയമനം നടത്തിയിട്ടുള്ളത്. കണ്ണൂർ റീജിണൽ എക്സിക്യൂട്ടീവ് ഓഫീസർ കാസർഗോഡിന്റേയും ചാവക്കാടിന്റേയും അധികചുമതല വഹിക്കുന്നു. കൂടാതെ ക്ലാർക്ക്, ടൈപ്പിസ്റ്റ്, പ്യൂൺ, ഡ്രൈവർ തസ്തികകളിൽ 5 പേരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുണ്ട്.



Generated from eOffice by Krishnakumar V P, W(3) LCO, W(3) LCO, OFFICE OF LABOUR COMMISSIONER on 09/02/2024 12:27 PM

# II. സബ്കമ്മിറ്റിയുടെ ശുപാർശകൾ

## i. ബോർഡുകളുടെ പുന:സംഘടന

മേൽ വിവരിച്ച 16 ബോർഡുകളിൽ ക്രമനമ്പർ 1,3,5,7,9,12 എന്നീ ക്ഷേമനിധി ബോർഡുകൾ സാമ്പത്തിക ഭദ്രതയുള്ളതും തനിയെ നിലനിൽക്കാൻ പ്രാപ്തമാണെന്നും കാണുന്നു. ക്രമനമ്പർ 12-ാമത്തെ ബോർഡ് (കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്) ക്രമനമ്പർ 3-ാമതായി വിവരിച്ചിട്ടുള്ള കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡുമായി സമാനസ്വഭാവമുള്ളതാകയാലും അംഗസംഖ്യ കുറവായതിനാലും അവ രണ്ടും കൂടി സംയോജിപ്പിച്ചാൽ ഭരണചെലവ് കാര്യമായി കുറയ്ക്കാൻ കഴിയുന്നതാണ്. ക്രമനമ്പർ 2,4,6,8,10,11,13,14,15,16 എന്നീ ബോർഡുകൾ വരുമാനത്തിലുള്ള കുറവുമൂലവും അധികരിച്ച ഭരണചെലവ് മൂലവും നിലനിൽക്കാൻ കഴിയാത്തവയാണ്. സർക്കാരിൽ നിന്നുമുള്ള സാമ്പത്തിക സഹായം മൂലമാണ് ഈ ബോർഡുകൾ നിലനിൽക്കുന്നത്.

സാമ്പത്തിക ഭദ്രതകുറവാണെങ്കിലും, തൊഴിൽസ്വഭാവവും അംഗബലവും പരിഗണിച്ച് ക്രമനമ്പർ 2,4,6,8,10,11 എന്നീ ബോർഡുകൾ നിലനിർത്തണം എന്നതാണ് സബ്കമ്മിറ്റിയുടെ പൊതുവായ അഭിപ്രായം.

മേൽ സാഹചര്യത്തിൽ, താഴെ കാണിച്ചിട്ടുള്ള 11 ബോർഡുകൾ നിലനിർത്താവുന്നതാണ്.

1. കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ്
2. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്
3. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്
4. കേരള അസംഘടിത തൊഴിലാളി സാമൂഹ്യസുരക്ഷ ബോർഡ്
5. കേരള ഷോപ്സ് & കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡ്
6. കേരള തൊഴിലാളി ക്ഷേമനിധി ബോർഡ്
7. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്
8. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്
9. കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ്
10. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്
11. കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്

12-ാം ക്രമനമ്പരിലുള്ള (പേജ്-46) കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് സാമ്പത്തിക ഭദ്രതയുള്ളത് ആണെങ്കിൽ പോലും നിർത്തലാക്കാവുന്നതും ഒരു പ്രത്യേക പദ്ധതിയായി സമാനസ്വഭാവമുള്ള കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിനോട് കൂട്ടിച്ചേർക്കാവുന്നതുമാണ്.

13-ാം ക്രമനമ്പരിലുള്ള (പേജ്-48) കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ് നിർത്തലാക്കി ഒരു പ്രത്യേക പദ്ധതിയായി കേരള ഷോപ്സ് & കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിനോട് കൂട്ടിച്ചേർക്കാ വുന്നതാണ്.

14-ാം ക്രമനമ്പരിലുള്ള (പേജ്-50) കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് നിർത്തലാക്കിക്കൊണ്ട് ഒരു പ്രത്യേക പദ്ധതിയായി കേരള തൊഴിലാളി ക്ഷേമനിധി ബോർഡിനോട് കൂട്ടിച്ചേർക്കാവുന്നതാണ്.

15-ാം ക്രമനമ്പരിലുള്ള (പേജ്-52) കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് നിർത്തലാക്കാവുന്നതും ഒരു പ്രത്യേക പദ്ധതിയായി കേരള തൊഴിലാളി ക്ഷേമനിധി ബോർഡിന് കീഴിൽ പ്രവർത്തിപ്പിക്കാവുന്നതുമാണ്.

16-ാം ക്രമനമ്പരിലുള്ള (പേജ്-54) കേരള ബീഡി & സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡ് നിർത്തലാക്കിക്കൊണ്ട് കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഒരു പ്രത്യേക പദ്ധതിയായി പ്രവർത്തിപ്പിക്കാവുന്നതാണ്.

മേൽ വിവരിച്ച പ്രകാരം പുന:സംഘടന നടത്തുകയാണെങ്കിൽ ബോർഡുകളുടെ എണ്ണം 16-ൽ നിന്നും 11 ആയി കുറയുന്നതാണ്.



Generated from eOffice by Krishnakumar V P, W(3) LCO, W(3) LCO, OFFICE OF LABOUR COMMISSIONER on 09/02/2024 12:27 PM

## ii. അംശദായം

വിവിധ ക്ഷേമനിധി ബോർഡുകളിലെ നിലവിലുള്ള അംശദായം താഴെ പറയുംവിധമാണ്.

| ക്രമ നം. | ക്ഷേമനിധി ബോർഡുകളുടെ പേര് | തൊഴിലാളി വിഹിതം | തൊഴിലുടമ വിഹിതം | സർക്കാർ വിഹിതം |
|---|---|---|---|---|
| 1. | കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ് | 20/- രൂപ | 1% സെസ്സ് | ഇല്ല |
| 2. | കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് | 20/- രൂപ | 5/- രൂപ | തൊഴിലാളി വിഹിതത്തിന്റെ 5% |
| 3. | കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമപദ്ധതി | 10/- രൂപ | ഇല്ല | 2/-രൂപ |
| 4. | കേരള ബാർബർ & ബ്യൂട്ടീഷ്യൻസ് ക്ഷേമപദ്ധതി | 20/- രൂപ | ഇല്ല | 12/-രൂപ |
| 5. | കേരള അലക്ക് തൊഴിലാളി ക്ഷേമപദ്ധതി | 20/- രൂപ | ഇല്ല | 12/-രൂപ |
| 6. | കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിമെന്റ്സ് വെൽഫെയർ ബോർഡ് | 20/- രൂപ | 20/- രൂപ | 5/-രൂപ |
| 7. | കേരള കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡ് | ഒരു തൊഴിലാളി ഒരു പ്രവൃത്തി ദിവസം 1 രൂപ | ഒരു തൊഴിലാളി ഒരു പ്രവൃത്തി ദിവസം 1 രൂപ | ഒരു തൊഴിലാളി ഒരു പ്രവൃത്തി ദിവസം 1 രൂപ |
| 8. | കേരള കർഷക തൊഴിലാളി ക്ഷേമ ബോർഡ് | 5/- രൂപ | 25 പൈ | 5/-രൂപ |
| 9. | കൈത്തറി ക്ഷേമപദ്ധതി<br>സ്വയംതൊഴിൽ ചെയ്യുന്നവർ<br>തൊഴിലുടമയുടെ കീഴിൽ ജോലിചെയ്യുന്നവർ | 5/- രൂപ<br>3/- രൂപ | ഇല്ല<br>6/- രൂപ | 5/-രൂപ<br>3/- രൂപ |
| 10. | കേരള ആഭരണ തൊഴിലാളി ക്ഷേമ ബോർഡ് | 20/- രൂപ | 0.25% സെസ്സ് | ഇല്ല |
| 11. | കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് | 20/- രൂപ | 20/- രൂപ | 10/-രൂപ |
| 12. | കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് | 7/- രൂപ | ഇല്ല | 7/- രൂപ |
| 13. | കേരള ബീഡി&സിഗാർ തൊഴിലാളി ക്ഷേമ ബോർഡ്<br>(1) സ്വയംതൊഴിൽ ചെയ്യുന്നവർ<br>(2) തൊഴിലുടമയുടെ കീഴിൽ ജോലിചെയ്യുന്നവർ | 9/ രൂപ<br>3/- രൂപ | ഇല്ല<br>6/- രൂപ | ഇല്ല<br>ഇല്ല |

വിവിധ ക്ഷേമനിധി ബോർഡുകളുടെ അംശദായം കാലോചിതമായി പരിഷ്കരിക്കുന്നത് സംബന്ധിച്ച് എല്ലാ സബ്കമ്മിറ്റി യോഗങ്ങളിലും ചർച്ച നടന്നുവെങ്കിലും വിവിധ യൂണിയനുകൾ വ്യത്യസ്ത നിലപാട് സ്വീകരിച്ചതിനാൽ ആയത് സംബന്ധിച്ച് അഭിപ്രായ ഐക്യത്തിലെത്താൻ സബ്കമ്മിറ്റിയ്ക്ക് കഴിഞ്ഞില്ല. ബോർഡുകളുടെ വരുമാന



Generated from eOffice by Krishnakumar V P, W(3) LCO, W(3) LCO, OFFICE OF LABOUR COMMISSIONER on 09/02/2024 12:27 PM

വർദ്ധനവിന് എങ്കിലും അംശദായത്തിലുള്ള വർദ്ധനവ് ആവശ്യമാണെന്ന് കമ്മിറ്റി വിലയിരുത്തുന്നു. ഈ വർദ്ധനവ് എത്രയായിരിക്കണമെന്നത് സംബന്ധിച്ച് യൂണിയനുകളുടെ കീഴ്ത്തട്ടിലുള്ള പ്രതിനിധികളുടെ അഭിപ്രായം ആരായേണ്ടതുണ്ടെന്നും അതിനുശേഷം മാത്രമേ അംശദായവർദ്ധനയിന്മേൽ അഭിപ്രായം അറിയിക്കാൻ കഴിയൂ എന്നും സബ്കമ്മിറ്റി അംഗങ്ങൾ അഭിപ്രായപ്പെട്ടു. കീഴ്ത്തട്ടിലെ യൂണിയൻ പ്രതിനിധികളുടെ അഭിപ്രായം വിലപ്പെട്ടതാണെന്നും നൂറുശതമാനത്തിലധികമുള്ള വർദ്ധനയോട് യോജിക്കുന്നില്ലെന്നും ട്രേഡ് യൂണിയൻ പ്രതിനിധികൾ അറിയിച്ചു. കൂടാതെ, അംശദായ വർദ്ധനവ് നിരക്ക് സംബന്ധിച്ച് (തൊഴിലാളി, തൊഴിലുടമ, സർക്കാർ വിഹിതം) സർക്കാർ തലത്തിൽ ഒരു നിർദ്ദേശം വച്ച് ആയതിന്മേൽ ട്രേഡ് യൂണിയൻ പ്രതിനിധികളുമായി ചർച്ച നടത്തി അന്തിമ തീരുമാനമെടുക്കുന്നതായിരിക്കും ഉചിതമെന്നും സബ്കമ്മിറ്റി അംഗങ്ങൾ ഐക്യകണ്ഠേന അഭിപ്രായപ്പെട്ടു. മേൽ സാഹചര്യത്തിൽ, ഉചിതമായി തീരുമാനം സർക്കാർ തലത്തിൽ എടുക്കാവുന്നതാണ്.

## iii. സ്വാവലംബൻ പദ്ധതി

അസംഘടിത മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് കേന്ദ്ര സർക്കാർ ധനസഹായത്തോടെ നടപ്പിലാക്കുന്ന ഒരു പെൻഷൻ പദ്ധതിയാണിത്. ഇ.പി.എഫ് ആക്ടിന്റെ പരിധിയിൽ വരാത്ത തൊഴിലാളികളെയാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 18-നും 60-നും ഇടയ്ക്ക് പ്രായമുള്ള തൊഴിലാളികൾക്ക് ഈ പദ്ധതിയിൽ അംഗമാകാമെങ്കിലും തൊഴിലാളി വിഹിതമായി ഒരു തൊഴിലാളിയ്ക്ക് 1000/- രൂപ മുതൽ 12,000/- രൂപ വരെ അടയ്ക്കാവുന്നതാണ്. കേന്ദ്ര സർക്കാർ 1000/- രൂപ തൊഴിലാളിയുടെ അക്കൗണ്ടിൽ ഒരു വർഷം നിക്ഷേപിക്കും. തുടക്കത്തിൽ 500/- രൂപയാണ് ഏറ്റവും കുറഞ്ഞ പെൻഷനായി നിശ്ചയിച്ചിട്ടുള്ളത്. ഓരോ 3/5 വർഷത്തിലൊരിക്കൽ പെൻഷൻ തുക പുതുക്കി നിശ്ചയിക്കും.

സ്വാവലംബൻ പദ്ധതി നടപ്പിലാക്കേണ്ടതിന്റെ ആവശ്യകതയും നടപ്പിലാക്കുന്നതിന്റെ പ്രായോഗികതയും സംബന്ധിച്ച് ചർച്ച നടന്നു. ക്ഷേമനിധി ബോർഡുകളുടെ നിലവിലുള്ള സാഹചര്യം പരിഗണിക്കുമ്പോൾ സ്വാവലംബൻ പെൻഷൻ പദ്ധതി നടപ്പിലാക്കുന്നത് പ്രായോഗികമല്ലെന്നും ക്ഷേമനിധി അംഗങ്ങൾക്ക് സ്വാവലംബൻ പെൻഷൻ നടപ്പിലാക്കുന്നതിലൂടെ മെച്ചപ്പെട്ട ആനുകൂല്യം ലഭിക്കില്ലെന്നും യൂണിയൻ പ്രതിനിധികൾ അഭിപ്രായം പ്രകടിപ്പിച്ചു. ആയതിനാൽ, സ്വാവലംബൻ പെൻഷൻ പദ്ധതി ക്ഷേമനിധി ബോർഡുകളിൽ നടപ്പിലാക്കുന്നതിനോട് യോജിപ്പില്ലെന്നും ട്രേഡ് യൂണിയൻ പ്രതിനിധികൾ അറിയിച്ചു. മേൽ സാഹചര്യത്തിൽ, സ്വാവലംബൻ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് ഒരു സമവായത്തിലെത്തുന്നതിന് യൂണിയൻ പ്രതിനിധികളുമായി വിശദമായ ചർച്ച നടത്താവുന്നതാണ്.

ക്ഷേമനിധി ബോർഡുകളുടെ പുനഃസംഘടന സംബന്ധിച്ച ഈ സബ്കമ്മിറ്റി റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചുകൊള്ളുന്നു.

**പി.ജി. തോമസ് ഐ.എ.എസ്.**
**ലേബർ കമ്മീഷണർ**
**സബ്കമ്മിറ്റിയ്ക്കുവേണ്ടി**



Generated from eOffice by Krishnakumar V P, W(3) LCO, W(3) LCO, OFFICE OF LABOUR COMMISSIONER on 09/02/2024 12:27 PM

# അനുബന്ധങ്ങൾ



Generated from eOffice by Krishnakumar V P, W(3) LCO, W(3) LCO, OFFICE OF LABOUR COMMISSIONER on 09/02/2024 12:27 PM

*അനുബന്ധം: 1*

ഡബ്ല്യൂ(2) 1719/14

**ക്ഷേമനിധി ബോർഡുകളുടെ ശാക്തീകരണം സംബന്ധിച്ച് ബഹു. തൊഴിൽ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ലേബർ കമ്മീഷണറേറ്റിലെ കോൺഫറൻസ് ഹാളിൽ വച്ച് 02/07/2014, 11 മണിക്ക് നടന്ന മീറ്റിംഗിലെ മിനിറ്റ്സ്.**

ബഹു. തൊഴിൽ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൃത്യം 11 മണിക്ക് യോഗം ആരംഭിച്ചു.

യോഗത്തിൽ ബഹു. തൊഴിൽ വകുപ്പ് മന്ത്രി, തൊഴിലും പുനരധിവാസവും സെക്രട്ടറി ശ്രീ. ടോംജോസ്, ലേബർ കമ്മീഷണർ ശ്രീ.പി.ജി.തോമസ്, ശ്രീ. എളമരം കരീം എം.എൽ.എ, അഡീഷണൽ ലേബർ കമ്മീഷണർമാരായ ശ്രീ.ജി.എൽ.മുരളീധരൻ, ശ്രീ.എസ്.തുളസീധരൻ എന്നിവർ പങ്കെടുത്തു. യോഗത്തിൽ പങ്കെടുത്ത പ്രമുഖ ട്രേഡ് യൂണിയൻ ഭാരവാഹികളുടെ പേരുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) ശ്രീ. സുജനപ്രിയൻ (എ.ഐ.റ്റി.യു.സി).
2) ശ്രീ. ദസ്യൻ നാടാർ.(എ.ഐ.റ്റി.യു.സി)
3) ശ്രീ.കെ.പി.സഹദേവൻ (സി.ഐ.റ്റി.യു)
4) ശ്രീ. കെ.എം. സുധാകരൻ (സി.ഐ.റ്റി.യു)
5) ശ്രീ. എസ്. സത്യപാലൻ (യു.റ്റി.യു.സി)
6) അഡ്വ. എം.പി. ഭാർഗ്ഗവൻ (ബി.എം.എസ്)
7) ശ്രീ.എം.കെ.കണ്ണൻ (എച്ച്.എം.എസ്)
8) ശ്രീ. ആർ.ചന്ദ്രശേഖരൻ (ഐ.എൻ.ടി.യു.സി)
9) ശ്രീ. ആറ്റിങ്ങൽ അജിത്ത് (ഐ.എൻ.ടി.യു.സി)
10) ശ്രീ. വി.ജെ. ജോസഫ് (ഐ.എൻ.ടി.യു.സി)
11) ശ്രീ. ആനത്തലവട്ടം ആനന്ദൻ (സി.ഐ.ടി.യു)

യോഗത്തിൽ പങ്കെടുക്കാനെത്തിയ ബഹു. വകുപ്പ് മന്ത്രിയെയും ബഹു. ലേബർ സെക്രട്ടറിയെയും ട്രേഡ് യൂണിയൻ പ്രതിനിധികളെയും ലേബർ കമ്മീഷണർ സ്വാഗതം ചെയ്തു.

കേരളത്തിലെ അസംഘടിതരായ തൊഴിലാളികൾക്ക് വേണ്ടി പ്രവർത്തിക്കുന്ന ക്ഷേമനിധി ബോർഡുകൾ ഇന്ത്യയിലെ ഇതരസംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ കാര്യക്ഷമമാണെന്നും ഇത് ട്രേഡ് യൂണിയനുകളുടെ ഫലപ്രദമായ പ്രവർത്തനം മൂലമാണെന്നും മന്ത്രി അഭിപ്രായപ്പെട്ടു.

എന്നാൽ, വളരെ കുറച്ച് ബോർഡുകൾ മാത്രമേ സാമ്പത്തികമായി സ്വയംപര്യാപ്തതയോടെ പ്രവർത്തിക്കുന്നുള്ളൂവെന്നും പരമ്പരാഗത തൊഴിലാളികളായ കർഷക തൊഴിലാളികൾ, ബീഡി-ചുരുട്ടു തൊഴിലാളികൾ, കൈത്തറി തൊഴിലാളികൾ, ഈറ്റ

തൊഴിലാളികൾ എന്നിവരുടെ ക്ഷേമബോർഡുകൾ സർക്കാർ ധനസഹായത്തോടെ മാത്രമാണ് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സാമ്പത്തികമായി സ്വയം പര്യാപ്തമായ ബോർഡുകളിൽ പുതിയതായി അംഗത്വമെടുക്കുന്നവരുടെ എണ്ണം കുറഞ്ഞുവരികയും പെൻഷൻകാരുടെ എണ്ണം വർദ്ധിച്ചുവരികയും ചെയ്യുന്ന സാഹചര്യം നിലവിലുള്ളതിനാൽ പൊതുവിൽ ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം വിലയിരുത്തി ബോർഡുകളെ കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ടെന്ന് ബഹു. തൊഴിൽ വകുപ്പ് മന്ത്രി ആമുഖമായി പറഞ്ഞു.

തുടർന്ന് അഡീഷണൽ ലേബർ കമ്മീഷണർ (വെൽഫെയർ) ക്ഷേമനിധി ബോർഡുകളെ സംബന്ധിച്ച് പിന്നിട്ട 4 വർഷങ്ങളിലെയും വരുന്ന 6 വർഷങ്ങളിലെയും വരവ് (അംശദായം, സർക്കാർ വിഹിതം ഉൾപ്പെടെ), ചെലവ് (പെൻഷൻ വിതരണം, ആനുകൂല്യ വിതരണം, ഭരണചെലവ് ഉൾപ്പെടെയുള്ള) കണക്കുകൾ പവർപോയിന്റ് പ്രസന്റേഷനിലൂടെ അവതരിപ്പിച്ചു.

തുടർന്ന് സംസാരിച്ച എല്ലാ ട്രേഡ് യൂണിയൻ ഭാരവാഹികളും ക്ഷേമനിധി ബോർഡുകളിൽ വരുമാനം വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകതയെകുറിച്ചും ബോർഡിന്റെ ഭരണചെലവ് അധികരിക്കുന്നത് നിയന്ത്രിക്കേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ചും ബോർഡിന്റെ ദൈനംദിന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ അന്യത്രസേവന വ്യവസ്ഥ ഒഴിവാക്കി ബോർഡിന് സ്ഥിരം ജീവനക്കാരെ നിയമിക്കണമെന്നും അഭിപ്രായപ്പെട്ടു. കൂടാതെ ക്ഷേമനിധി ബോർഡുകളുടെ പുന:സംഘടന സംബന്ധിച്ച് ശ്രീനിവാസൻ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളണമെന്നും ആവശ്യമുന്നയിച്ചു. കേരള അൺ ഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി ബോർഡിനുവേണ്ടി തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുള്ള സ്കീം എത്രയും വേഗം സർക്കാർ അംഗീകാരം നേടി നടപ്പാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്നും, യൂണിയൻ ഭാരവാഹികൾ ആവശ്യപ്പെട്ടു. ക്ഷേമനിധി നിയമത്തിൽ പ്രതിപാദിക്കുന്ന വിധത്തിൽ ബോർഡുകൾക്ക് സർക്കാരിൽ നിന്നും ലഭിക്കേണ്ട മാച്ചിംഗ് ഗ്രാന്റ്/ അംശദായ വിഹിതം എന്നിവ സമയബന്ധിതമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സർക്കാരിൽ നിന്നും ഉണ്ടാകണമെന്നും യൂണിയൻ ഭാരവാഹികൾ ആവശ്യപ്പെട്ടു.

വിവിധ ക്ഷേമനിധികളിലെ അംഗങ്ങൾക്ക് അതാത് പദ്ധതി നിയമപ്രകാരമുള്ള അംശദായം മാത്രം അടച്ചാൽ പെൻഷൻ പദ്ധതി നിലവിലുള്ള ക്ഷേമനിധി ബോർഡുകളിൽ ആജീവനാന്തം പെൻഷനും തുടർന്ന് ഫാമിലി പെൻഷനും ലഭിച്ചുവരുന്നതാണ്. ഈ നിലയ്ക്ക് സ്വാവലംബൻ പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി അടയ്ക്കേണ്ടിവരുന്ന വാർഷിക വിഹിതം അടയ്ക്കാൻ തൊഴിലാളികൾ പൊതുവിൽ തയ്യാറാകുന്നില്ല. കൂടാതെ വർദ്ധിച്ച സാമ്പത്തിക ബാദ്ധ്യത ഏറ്റെടുക്കേണ്ടി വരുമെന്നതിനാൽ ക്ഷേമനിധി ബോർഡുകൾക്ക് ഈ ബാദ്ധ്യത താങ്ങുവാൻ കഴിയുന്നില്ല. ഈ സാഹചര്യത്തിൽ, ക്ഷേമനിധി ബോർഡ് മീറ്റിംഗുകളിൽ സ്വാവലംബൻ പദ്ധതി നടപ്പിലാക്കേണ്ടതില്ല എന്ന തീരുമാനമാണ് പൊതുവിൽ ഉണ്ടായിട്ടുള്ളത് എന്ന് സെൻട്രൽ ട്രേഡ് യൂണിയൻ ഭാരവാഹികൾ അറിയിച്ചു.



Generated from eOffice by Krishnakumar V P, W(3) LCO, W(3) LCO, OFFICE OF LABOUR COMMISSIONER on 09/02/2024 12:27 PM

ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ബോർഡുകളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി അംശദായ വിഹിതം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് ഒരു സബ്-കമ്മിറ്റി രൂപീകരിക്കുന്നതിനും ടി സബ്-കമ്മിറ്റി ലേബർ കമ്മീഷണറുടെ സാന്നിദ്ധ്യത്തിൽ യോഗം ചേർന്ന് തീരുമാനം കൈക്കൊള്ളുന്നതിനും തീരുമാനിച്ചു.

ശ്രീ.കെ.എം.സുധാകരൻ, ശ്രീ.കെ.പി.സഹദേവൻ (സി.ഐ.റ്റി.യു), ശ്രീ.ആറ്റിങ്ങൽ അജിത്, ശ്രീ.വി.ജെ.ജോസഫ് (ഐ.എൻ.റ്റി.യു.സി), ശ്രീ.ഉദയഭാനു, ശ്രീ.സുജനപ്രിയൻ(എ.ഐ.റ്റി.യു.സി) , ശ്രീ.ബി.കെ. അജിത്, ശ്രീ. ശിവജി സുദർശനൻ (ബി.എം.എസ്), ശ്രീ. എസ്. സത്യപാലൻ, ശ്രീ. സലീം ജി. മോടയിൽ (യു.റ്റി.യു.സി) എന്നിവരെ ഉൾപ്പെടുത്തി സബ്കമ്മിറ്റി രൂപീകരിച്ചു.

യോഗം കൃത്യം 12:30 pm ന് അവസാനിച്ചു.

(ഒപ്പ്)
**ലേബർ കമ്മീഷണർ**

(ഒപ്പ്)
**ബഹു. തൊഴിൽ വകുപ്പ് മന്ത്രി**

വിജെ 07.14



Generated from eOffice by Krishnakumar V P, W(3) LCO, W(3) LCO, OFFICE OF LABOUR COMMISSIONER on 09/02/2024 12:27 PM

<u>അനുബന്ധം: 2</u>

## ക്ഷേമനിധി ബോർഡുകളെ സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം. | ബോർഡിന്റെ പേര് | ആരംഭിച്ച വർഷം | അംഗങ്ങളുടെ എണ്ണം (01.09.2014) | പെൻഷൻകാരുടെ എണ്ണം | തൊഴിലാളി വിഹിതം (രൂപ) | തൊഴിലുടമ വിഹിതം (രൂപ) | സർക്കാർ ഗ്രാന്റ് (രൂപ) |
|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) |
| 1. | കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ ബോർഡ് | 1998 | 1550495 | 185302 | 20 രൂപ | 1 % സെസ്സ് | ഇല്ല |
| 2. | കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് | 1996 | 719787 | 25311 | 20 രൂപ | 5 രൂപ | അംശദായത്തിന്റെ 5% |
| 3. | കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് | 1970 | 36186 | 30276 | വേതനത്തിന്റെ 10% | വേതനത്തിന്റെ 15% | തൊഴിലാളി വിഹിതത്തിന്റെ 10% |
| 4. | കേരള അസംഘടിത തൊഴിലാളി സാമൂഹിക സുരക്ഷാ ബോർഡ് | 2011 | - | - | - | - | 3.5 കോടി (2013-14) |
| 5. | കേരള ഷോപ്സ് & കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ബോർഡ് | 2006 | 711926 | - | 20 രൂപ | 40 രൂപ | തൊഴിലാളി വിഹിതത്തിന്റെ 25% മോ 5 രൂപയോ |
| 6. | കേരള തൊഴിലാളി ക്ഷേമനിധി ബോർഡ് | 1977 | സ്ഥാപനങ്ങൾ: 15382 അംഗങ്ങൾ: 356027 | ബാധകമല്ല | 4 രൂപ | 8 രൂപ | ഇല്ല. |
| 7. | കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് | 1986 | 621226 | 156 | 20 രൂപ | - | ഇല്ല. |
| 8. | കേരള കശുവണ്ടി തൊഴിലാളി ബോർഡ് | 1984 | 246775 | 63233 | ഒരു രൂപ (പ്രവർത്തി ദിനം) | ഒരു രൂപ (പ്രവർത്തിദിനം) | ഒരു രൂപ (പ്രവർത്തി ദിനം) |
| 9. | കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് | 1984 | അൺ അറ്റാച്ച്ഡ് (39802) | 6875 | വേതനത്തിന്റെ 10% | വേതനത്തിന്റെ 20% | ഇല്ല. |
| | | | സ്കാറ്റേർഡ് (36109) | | 20 രൂപ മുതൽ 50 രൂപ വരെ | 60 രൂപ മുതൽ 120 രൂപ വരെ | |
| | | | അറ്റാച്ച്ഡ് (1045) | | വേതനത്തിന്റെ 10% | വേതനത്തിന്റെ 15% | |
| 10. | കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് | 1990 | 2303108 | - | 5 രൂപ | ആർ-ന് 25 പൈസ | തൊഴിലാളി വിഹിതത്തിന് തുല്യമായ തുക. |
| 11. | കേരള കൈത്തറി തൊഴിലാളി ക്ഷേമ ബോർഡ് | 1989 | 32297 | 9800 | - | - | - |
| 12. | കേരള അബ്കാരി തൊഴിലാളി ക്ഷേമ ബോർഡ് | 1990 | 3150 | 328 | വേതനത്തിന്റെ 10% | വേതനത്തിന്റെ 15% | ഇല്ല. |
| 13. | കേരള ആഭരണ തൊഴിലാളി ക്ഷേമ ബോർഡ് | 2010 | 14834 | - | 20 രൂപ | വിറ്റുവരവിന്റെ 0.25% സെസ്സ് | അംശദായ തുകയുടെ 5% |
| 14. | കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമ ബോർഡ് | 2009 | 13637 | - | 20 രൂപ | 20 രൂപ | പ്രതിമാസം 10 രൂപ |
| 15. | കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമ ബോർഡ് | 2000 | 60480 | - | 7 രൂപ | 7 രൂപ | 7 രൂപ |
| 16. | കേരള ബീഡി & സിഗാർ തൊഴിലാളി ക്ഷേമ ബോർഡ് | 1999 | 42274 | 2982 | - | - | - |



Generated from eOffice by Krishnakumar V P, W(3) LCO, W(3) LCO, OFFICE OF LABOUR COMMISSIONER on 09/02/2024 12:27 PM

അനുബന്ധം-3

## ക്ഷേമനിധി പദ്ധതികളെ സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം. | ക്ഷേമനിധി പദ്ധതികൾ | ആരംഭിച്ച വർഷം | അംഗങ്ങളുടെ എണ്ണം (01.09.2014) | പെൻഷൻകാരുടെ എണ്ണം | തൊഴിലാളി വിഹിതം | തൊഴിലുടമ വിഹിതം | സർക്കാർ ഗ്രാന്റ് |
|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) |
| 1. | കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി | 2010 | - | - | - | - | - |
| 2. | കേരള ക്ഷേത്ര ജീവനക്കാരുടെ ക്ഷേമ പദ്ധതി | 2011 | 2928 | - | 20 രൂപ | 20 രൂപ | ഇല്ല. |
| 3. | കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമ പദ്ധതി | 1986 | 315161 | - | 10 രൂപ | - | വരിസംഖ്യയുടെ 20% |
| 4. | കേരള ബാർബർ/ ബ്യൂട്ടീഷ്യൻ ക്ഷേമപദ്ധതി | 2004 | 29495 | - | 20 രൂപ | - | 12 രൂപ |
| 5. | കേരള അലക്ക് തൊഴിലാളി ക്ഷേമപദ്ധതി | 2004 | 4551 | - | 20 രൂപ | - | 12 രൂപ |
| 6. | കേരള ഗാർഹിക തൊഴിലാളി ക്ഷേമപദ്ധതി | 2011 | 38895 | - | 50 രൂപ | - | ഉണ്ട്. |
| 7. | കേരള പാചക തൊഴിലാളി ക്ഷേമ പദ്ധതി | 2011 | - | - | 20 രൂപ | - | - |
| 8. | കേരള ആട്ടോറിക്ഷാ തൊഴിലാളി ക്ഷേമപദ്ധതി | 1991 | - | - | 25 രൂപ | 25 രൂപ | തൊഴിലാളി വിഹിതത്തിന്റെ 10% |
| 9. | കേരള ആട്ടോ മൊബൈൽ തൊഴിലാളി ക്ഷേമപദ്ധതി | 2004 | 9500 | - | 20 രൂപ | 10 രൂപ | തൊഴിലാളി വിഹിതത്തിന്റെ 10% |
| 10. | കേരള ചുമട്ട് തൊഴിലാളി സ്കാറ്റേർഡ് (വിഭാഗം) ക്ഷേമപദ്ധതി | 1991 | 36109 | 2444 | 20 രൂപ മുതൽ 50 രൂപ വരെ | 60 രൂപ മുതൽ 120 രൂപ വരെ | - |
| 11. | കേരള ചുമട്ട് തൊഴിലാളി അറ്റാച്ച്ഡ് ക്ഷേമ പദ്ധതി | 1995 | 1045 | - | - | 10 % | 15 % |



Generated from eOffice by Krishnakumar V P, W(3) LCO, W(3) LCO, OFFICE OF LABOUR COMMISSIONER on 09/02/2024 12:27 PM